It was Jesus who said, 'those who are not with me are against me, and those who are not against are with me', In active or passive ways, people segregate even to the extent of apartheid camps of exclusive groups. Color, religion, language nationality and food habits are all elements that separate person from person. The Guru did not see any rational in curtailing the bounds of love. He wanted socializing to be put on the ground of common biologic facts rather than on whimsical prejudices.

### *The Univeral Guru*

"Man is one kind, one religion and of one God", he declared

### *Narayana Guru's Theory of Beauty*

Beauty is the vision of the self mirrored in the non-self. The closer the image is the truthfulness of the self greater is the impact of beauty. The self is characteristically the existent, the subsistent and the ground of all values. In the scale of existence the eternal is polarized with the transient. As each suggests other, beauty is perceived a dialectical interaction of opposites that cancel each other out. The pole star is beautiful and even so is the violet that blooms for a day. The beauty of subsistence makes the daily bread, the feeling mother, the bread winning father, the farm of abundance, the rain cloud and the guardians of the abundance. Beauty is affective; this gives the individuated self its dynamic link with the existential actuality of the given world. Obtaining the steady state of being established in the eternal equipoise is the state samatva or yoga. In pure art there is constant weaning of the senses from the agitating influx of the incoming stimuli and the directing of the spontaneous flow of invoked energy to a cosmic significance or to an intense humanization of inspirational aesthetic implosion. Narayana Guru describes this as the all-consuming flame of knowledge filling the conscientious self from the alpha to omega, which can be likened to the rising ten thousand orbs in the sky of consciousness.

Such was a wonder Narayana Guru who lived in the world of human interest. It is only appropriate to think of him as Universal Person.

# ശ്രീനാരായണഗുരുദേവനും ചട്ടമ്പിസ്വാമികളും

*സ്വാമി മുക്താനന്ദ യതി*



ചട്ടമ്പിസ്വാമികൾ ബ്രഹ്മനിഷ്ഠനായ ഒരു യോഗിയും ശാസ്ത്രകോവിദനായ ജ്ഞാനിയുമാണ്. സ്വാമികളുടെ വ്യക്തിത്വത്തെ ഈ അർത്ഥത്തിൽ വേണ്ടവിധത്തിൽ നിരൂപണവിധേയമാക്കിയിട്ടില്ല. ചട്ടമ്പി സ്വാമികളെ നവോത്ഥാന നായകന്മാരിൽ ഒരാളായാണ് പരിഗണിച്ചു പോരുന്നത്. ആ പരിഗണനയിൽ വരുന്ന വേറെയും നായകന്മാർ കേരളചരിത്രത്തിലുണ്ട്. എന്നാൽ ചട്ടമ്പിസ്വാമികളുടെ സ്ഥിതപ്രജ്ഞത്വവും ശാസ്ത്രാവബോധവും ശ്രീനാരായണഗുരുവിനെ മാറ്റിനിർത്തിയാൽ വേറെ നവോത്ഥാന നായകരിലാരിലും കാണാൻ കഴിയുകയില്ല. സ്വാമികൾ അവധൂതചര്യയിലൂന്നിയ സന്യാസജീവിതമാണ് ആദ്യമേ നയിച്ചുപോന്നത്. നിസംഗതയും നിഷ്കാമതയും നിർമ്മലതയും ചട്ടമ്പിസ്വാമികളുടെ മുഖമുദ്രയായിരുന്നു. അതോടൊപ്പം തന്നെ ദീനാനുകമ്പയിലും ജീവകാരുണ്യത്തിലും സ്വാമികൾ ബുദ്ധനോളം പോരുന്ന വ്യക്തിത്വമായിരുന്നു. സംഘടിതമായി സാമൂഹിക പരിഷ്ക്കരണത്തെ ജീവിതലക്ഷ്യമാക്കി വലുതായി ഒന്നും തന്നെ സ്വാമികൾ ചെയ്തിട്ടില്ല. എന്നാൽ മനുഷ്യനെ ഈശ്വരനി ലേക്ക് ആനയിക്കുന്ന ഒരു ശിക്ഷണ പദ്ധതി സ്വാമികൾ അവലംബിച്ചിരുന്നു. സ്വാമികളുടെ സാന്നിദ്ധ്യമാത്രത്താൽത്തന്നെ ആത്മപരിപോഷണം ലഭിച്ച് ജീവന്മുക്തി പഥത്തിലേക്ക് നടന്നു നീങ്ങിയ ഗ്രഹസ്ഥ ശിഷ്യന്മാരേയും സന്യാസ ശിഷ്യന്മാരേയും നമുക്ക് കാണാനാകും. എപ്പോഴും പ്രസന്നചേതസായിരിക്കുന്നതാണ് ചട്ടമ്പിസ്വാമികളുടെ ജീവിതനിഷ്ഠ.

സ്വാമികളുടെ വർത്തമാനം നർമ്മങ്ങളുടെ ഒരു കലവറയായിരുന്നു. അതുകൊണ്ട് പുരുഷന്മാർ മാത്രമല്ല സ്വാമികളെ ശ്രവിക്കുവാൻ കുതൂഹലം കാണിച്ചത്. സ്ത്രീ



അനുകമ്പയായ മധുരത്താൽ
നിറഞ്ഞതായിരിക്കണം
മനുഷ്യമനസ്സ്
:- **ചട്ടമ്പിസ്വാമികൾ**

സമൂഹത്തിനും അദ്ധ്യാത്മ ശിക്ഷണം വേണമെന്ന് സ്വാമികൾ കരുതിയിരുന്നു. ഗാർഹികജോലികളിൽ എങ്ങനെ കർമ്മ യോഗം താളാത്മകമായി കൊണ്ടുവ രാമെന്ന പല ഗൃഹസ്ഥസ്ത്രീകൾക്കും ചട്ടമ്പിസ്വാമികൾ ഉപദേശിക്കുമായിരുന്നു. ഉരലിൽ ഒരു സ്ത്രീ മാത്രം തനിയെ നെല്ലു കുത്തുന്നത് കണ്ട് ചട്ടമ്പിസ്വാമി കൾ വേറൊരു ഉലക്ക കൂടി എടുത്ത് രണ്ട് പേർക്ക് താളലയ സൗഭഗതയോടെ എങ്ങനെ നെല്ലു കുത്താമെന്ന് കാണിച്ചുകൊടുത്തു. ഒരു ഗൃഹസ്ഥ ശിഷ്യന്റെ വീട്ടിലേക്ക് ഭിക്ഷക്കായി ക്ഷണിച്ചപ്പോൾ കൂടെ കുറച്ചു പേർ കൂടി കാണുമെന്ന് ചട്ടമ്പിസ്വാമികൾ പറഞ്ഞു. ഗൃഹസ്ഥൻ ഭക്ഷണമെല്ലാം ഒരുക്കി ചട്ടമ്പി സ്വാമികൾ ആത്മമിത്രങ്ങളായ കുറച്ച് പട്ടികളേയും കൊണ്ട് ഗൃഹസ്ഥന്റെ വീട്ടിൽ കേറിച്ചെന്നു. സ്വാമികളുടെ വ്യക്തിത്വം ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

ജീവിതത്തെ ഒരു തുരുത്തിലും ഒതുക്കി നിർത്തുവാൻ സ്വാമികൾ ആഗ്രഹിച്ചിരുന്നില്ല. അത്രമാത്രം ബാഹ്യസ്വാതന്ത്ര്യത്തിൽ സ്വാമികൾ ശ്രദ്ധയൂന്നിയിരുന്നു. ഗുരുദേവൻ മനുഷ്യന്റെ ദുഃഖത്തിൽ മനമലിഞ്ഞ് അവർക്ക് പ്രാർത്ഥിക്കുവാനായി ക്ഷേത്ര പ്രതിഷ്ഠകൾ നടത്തിപ്പോന്നപ്പോൾ സ്വാമികൾ ഗുരുദേവനോട് ചോദിച്ചു: "ഇപ്പോൾ പ്രവർത്തിയാരുദ്യോഗമാണെന്ന് കേട്ടല്ലോ?" ഗുരുദേവന് ചട്ടമ്പിസ്വാമിക ളുടെ അന്തർഗതം മനസ്സിലായിരുന്നു. ഗുരു ചിരിച്ചുകൊണ്ട് പ്രതിവചിച്ചു: "പ്രവർത്തിയുണ്ട്. ആരില്ല സ്വാമികളേ." ഗുരുദേവന്റെ മറുപടിയിൽ ചട്ടമ്പി സ്വാമികൾ നിശബ്ദമായി ചിരിച്ചു. കർമ്മത്തിലെ അകർമ്മത്തെ കുറിച്ച് രണ്ട്പേർക്കും അറിയാമായിരുന്നു. എന്നാൽ ഇവരുടെ രണ്ടുപേരുടേയും വ്യക്തിത്വ മാതൃകകൾ രണ്ടു തരത്തിൽ ആയിരുന്നു. ഗുരുദേവൻ സത്ക്രിയതയിലെ നിഷ്ക്രിയതയിലും ചട്ടമ്പിസ്വാമികൾ നിഷ്ക്രിയതയിലെ നിഷ്ക്രിയതയിലും ജീവിതത്തിന്റെ മനോഹാരിതയെ കണ്ടു. ഇവരെ തമ്മിൽ താരതമ്യം ചെയ്യുന്നതു തന്നെ അത്യന്തം ഹീനമായ പ്രവർത്തിയാണ്. എന്നിരുന്നാലും മനശാസ്ത്രപരമായ ചില വിലയിരുത്തലുകൾ ആരേയും വിലകുറച്ച് കാണിക്കാത്ത രീതിയിൽ നടത്തുന്നത് ഇവരെ കൂടുതൽ മനസ്സിലാക്കാൻ സഹാ യിക്കും. സമാനതകൾ ഇവർ തമ്മിൽ ഏറെ യുണ്ട്, വൈരുദ്ധ്യങ്ങൾ പോലെതന്നെ.

രണ്ടുപേരും സഞ്ചാര പ്രിയന്മാരായിരുന്നു. അദ്ധ്യാത്മശാസ്ത്രത്തിൽ ഗുരുവും സ്വാമികളും നിഷ്ണതരായിരുന്നു. മലയാളം, സംസ്കൃതം, തമിഴ് ഈ മൂന്ന് ഭാഷകളിലും രണ്ടാളും അഗ്രഗണ്യരായി രുന്നു. ചട്ടമ്പിസ്വാമികൾ ഗദ്യപ്രിയനാ യിരുന്നു. ഗുരു പദ്യപ്രിയനായിരുന്നു. ചട്ടമ്പിസ്വാമികളുടെ വ്യക്തിത്വത്തിൽ ഖണ്ഡനസ്വഭാവം കാണാം. ഗുരുവിന്റെ വ്യക്തിത്വത്തിൽ മണ്ഡനസ്വഭാവവും കാണാം. സനാതന ധർമ്മത്തിന് വിപരീത മായി വാദിക്കുന്നവരെ നിലംപരിശാക്കുന്ന കാര്യത്തിൽ ചട്ടമ്പി സ്വാമികളുടെ വാക്കും ബുദ്ധിയും ഒരേപോലെ ജാഗ്രത ആയിരുന്നു. ശങ്കരാചാര്യരുടെ രക്തം ചട്ടമ്പിസ്വാമികളുടെ സിരകളിലൂടെ ഒഴുകി യിരുന്നു. ഗുരുദേവൻ ലോക മാനവികത യെ സംബന്ധിച്ച് ചിന്തിച്ചിരുന്നതുകൊണ്ട് ദാർശനികതയ്ക്ക് പ്രാദേശിക ഭേദം കൽപ്പിച്ചിരുന്നില്ല. അതുകൊണ്ട് ഗുരു വ്യവസ്ഥാപിത മതങ്ങളെ പ്രത്യക്ഷത്തിൽ ഖണ്ഡിച്ചിരുന്നില്ല. ഗുരുവിന്റെ സമന്വ യവചസ്സുകൾക്ക് എല്ലാ മതസ്ഥരേയും ഗുരുവിലേക്ക് ആകർഷിക്കാനുള്ള ശക്തി യുണ്ടായിരുന്നു. ജാതി, മതം ഇതൊന്നും ഗുരുവിന്റെ അകതാരിൽ പരിഗണനീയ മായിരുന്നില്ല. എന്നാൽ ഹൈന്ദവ സംസ്ക്കാരത്തിന്റെ പരിപാവന ഭൂമികയിൽ നിന്നും അൽപ്പം പോലും ഗുരു മാറി നിന്നിട്ടുമില്ല. ഗുരുവിന്റെ ശിഷ്യന്മാരുടെ എണ്ണമെടുത്ത് നോക്കിയാൽ പകുതി യിലേറെപ്പേരും താൻ ജനിക്കാൻ ഇടയായ സമുദായത്തിൽ നിന്നും ഭിന്നമായ സമു ദായത്തിൽ ജനിച്ചവരായിരുന്നു. ചട്ടമ്പിസ്വാ മികൾ ഭാരതീയ തനിമയെ മുറുകെ പിടിക്കാൻ ശ്രമിച്ചതുകൊണ്ട് സ്വാമികൾക്ക് ചില മതണണ്ഡനങ്ങൾ നടത്തേണ്ടി വന്നിട്ടുണ്ട്. സനാതന ധർമ്മത്തിന്റെ നി ശിത ഖഡ്ഗപ്രയോഗം തന്റെ ദൗത്യം നിറവേറ്റുന്ന കാര്യത്തിൽ സ്വാമികൾ വിട്ടുവീഴ്ചയില്ലാതെ നടത്തിയിരുന്നു. അതുകൊണ്ട് എല്ലാവരേയും ഒരേപോലെ സ്വവശത്താക്കാൻ സ്വാമികൾക്ക് കഴിഞ്ഞിരുന്നില്ല. ഗുരുദേവന്റെ ശിഷ്യന്മാരിൽ ശിവലിംഗദാസ സ്വാമികൾ, സത്യവ്രതസ്വാമികൾ, ചൈതന്യസ്വാമി കൾ, ധർമ്മതീർത്ഥസ്വാമികൾ, ആനന്ദതീർ ത്ഥസ്വാമികൾ, വിദ്യാനന്ദസ്വാമികൾ ഇവരെല്ലാം ഗുരുവിന്റെ വിശാലഹൃദയ ത്തിന്റെ മാധുര്യം അടുത്തറിഞ്ഞ് ശിഷ്യത്വം സ്വീകരിച്ചവരാണ്. എന്നാൽ

ഇത്തരത്തിലൊരു ആകർഷണീയത ചട്ടമ്പിസ്വാമികളുടെ വ്യക്തിത്വത്തിൽ ഒളിമങ്ങി നിന്നു. ആത്മജ്ഞാനത്തിന്റെ പോരായ്മകൊണ്ടൊന്നുമായിരുന്നില്ല അത്. സ്വാമികൾ വിട്ടുവീഴ്ചയില്ലാതെ തന്മയത്വത്തിൽ ഉറച്ചു നിന്നതുകൊണ്ടാ ണത്. ചട്ടമ്പിസ്വാമികൾ കൃത്യമായ യോഗ്യതയുടെ ഉരകല്ലിൽ മാറ്റുരച്ചാണ് ശിഷ്യന്മാരെ പോലും സ്വീകരിച്ചിരുന്നത്. ഗുരുവാകട്ടെ ജിജ്ഞാസുവായ ഒരു ശിഷ്യന് അനുകമ്പാ പൂർവ്വം മോക്ഷത്തിലേക്ക് മാർഗ്ഗദർശനം നൽകി.

ചട്ടമ്പിസ്വാമികളുടെ ശിഷ്യനാണ് ഗുരുദേവനെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ചിന്താഗതിക്കാർ ഇന്നിവിടെ പ്രബലമായി ട്ടുണ്ട്. എന്നാൽ ഗുരുവും സ്വാമികളും കണ്ടു മുട്ടിയത് അവരുടെ സത്യാന്വേഷണ വേളയിലായിരുന്നു എന്ന കാര്യം മറക്കാൻ പാടില്ല. അവർ തമ്മിൽ രണ്ട് വയസ്സിന്റെ പ്രായവ്യത്യാസമേ ഉണ്ടായിരുന്നുള്ളു. അന്ന് ചട്ടമ്പിസ്വാമികൾ ഒരു മുക്ത പുരുഷനായിരുന്നില്ല. ഇവർ രണ്ട് പേരും തൈക്കാവ് അയ്യാവിനെ കാണാൻ പോകുന്നതും ഒരുമിച്ചായിരുന്നു. അവരുടെ സൗഹൃദം സാത്വികമായി രണ്ടു സാധകന്മാർ തമ്മിലുള്ള അടുപ്പമായിരുന്നു. രണ്ടുപേരും ഒരേ മേഖലയിൽ സഞ്ചരിച്ചിരുന്നവർ. അതുകൊണ്ടവരെ സഹസാധകർ എന്നേ വിശേഷിപ്പിക്കാനാവൂ. തപസ്സിലൂടെ രണ്ടുപേർക്കും അവരുടെ ശരിയായ ഉണ്മ തെളിഞ്ഞു കിട്ടിയപ്പോൾ ഗുരു ഗുരുവിന്റെ വഴിത്താരയിലും ചട്ടമ്പി സ്വാമികൾ ചട്ടമ്പിസ്വാമികളുടെ ജീവിത പഥത്തിലും നിസ്സർഗജമായി ജീവിച്ചു. ഗുരു ശിഷ്യ ബന്ധം എന്നാൽ തികച്ചും വ്യത്യസ്തമായ ഒരു ബന്ധമാണ്. ഗുരുവിന് ഒരാൾ ശിഷ്യപ്പെട്ടാൽ ആ പരമ്പര തുടർന്നു കൊണ്ടുപോകണം. എന്നാൽ നമുക്കറിയാം, ചട്ടമ്പിസ്വാമികളും ഗുരുവും രണ്ട് സരണികളിലൂടെ ജീവിച്ചുപോയവ രാണെന്ന്. അതുകൊണ്ട് അത്തരം തർക്കങ്ങളെല്ലാം അസംബന്ധങ്ങളാണ്. ചട്ടമ്പിസ്വാമികൾ 1924 ൽ മഹാസമാധി വരിച്ചു. സ്വാമികളും ഗുരുവും തമ്മിലുള്ള ബന്ധത്തിൽ ഒരിക്കലും അസൂയയോ കാലുഷ്യമോ കലർന്നിരുന്നില്ല. ഗുരുവിന്റെ ഉള്ളിൽ ചട്ടമ്പി സ്വാമികളുടെ ദേഹവി യോഗം ഉണർത്തിയ ഭാവങ്ങൾ ഗുരു രണ്ടു ശ്ലോകങ്ങളിൽ കുറിച്ചിട്ടു. എങ്ങനെ ഒരു വ്യക്തിയെ വിലയിരുത്തണമെന്ന് നമുക്ക് പഠിക്കണമെങ്കിൽ ഗുരുദേവൻ എഴുതിയ

ഈ രണ്ടു ശ്ലോകങ്ങൾ ശ്രദ്ധാപൂർവ്വം മനനം ചെയ്താൽ മതി. സ്വാമികളുടെ ന ശ്വരമായ വശത്തെയല്ല ഗുരു കണ്ടത്. അമർത്യമായ വ്യക്തിത്വത്തെയാണ്. ഒരു ബന്ധം സദൃഢവും സുദീർഘവും ആകണ മെങ്കിൽ വ്യക്തിത്വത്തിന്റെ ശാശ്വത തലങ്ങളിൽ ഒരു വ്യക്തിയെ കാണാൻ പഠിക്കണം. കുറ്റപ്പെടുത്തലുകളും ആക്ഷേപങ്ങളും ഉയർന്നുവരുന്നത് തുച്ഛഭാവങ്ങളിൽ വ്യക്തിത്വത്തെ പരിഗണിക്കുമ്പോഴാണ്. ഗുരുവിന്റെ ബോധനില വളരെ അഗാധ മായിരുന്നു എന്നു മനസ്സിലാകുന്നത് വേറൊരാളുടെ അഗാധത ഗുരു തിരിച്ചറി യുന്നു എന്നറിയുമ്പോഴാണ്. ചട്ടമ്പിസ്വാമികൾ മരിച്ചപ്പോൾ ഗുരു കുറിച്ചിട്ട വരികൾ ഇങ്ങനെയാണ്.

**"സർവ്വജ്ഞഃ ഋഷിരുത്ക്രാന്തഃ**
**സത്ഗുരുഃ ശുകവർത്മനാ**
**ആഭാതി പരമവ്യോമ്നി**
**പരിപൂർണ്ണകലാനിധിഃ.**

**ലീലയാ കാലമധികം**
**നീത്വാന്തേ സ മഹാപ്രഭുഃ**
**നിസ്സ്വം വപുഃ സമുത്സൃജ്യ**
**സ്വം ബ്രഹ്മ വപുരാസ്ഥിതാ".**

"സ്വാമികൾ സർവ്വജ്ഞനാണ്. ഋഷിയാ ണ്. സത്ഗുരുവാണ്. ചട്ടമ്പിസ്വാമികളുടെ മഹാനിർവാണത്തെ ഗുരു വിശേഷിപ്പിച്ചത് ശുക മാർഗ്ഗത്തിലൂടെ ഉയർന്ന്പോയി പരമവ്യോമത്തിൽ പ്രകാശിച്ചു നിൽക്കുന്ന പൂർണ്ണേന്ദുവിനോടാണ്. "

"ചട്ടമ്പിസ്വാമികൾ ഇഹലോകജീവിതം നയിച്ചത് കേവലം ലീലയായിട്ടാണ്. മഹാപ്രഭുവായ അദ്ദേഹം അവസാനം സ്വന്തമല്ലാത്തതും തുച്ഛവുമായ ശരീരം ഉപേക്ഷിച്ച് നിത്യമായ സ്വന്തം ബ്രഹ്മശരീരത്തെ പ്രാപിച്ചു."

ഇത്രമാത്രമേ ഗുരു പറഞ്ഞുള്ളൂ ഈ വാക്കുകളിൽ ഒരു ജീവന്റെ മുഴുവൻ ഗതിയും ചരിത്രവും നിഗൂഹനം ചെയ്തു വച്ചിട്ടുണ്ട്. ഇതിലും ചുരുങ്ങിയ വാക്കുകളിൽ ഒരാൾക്കും ഒരു ജീവചരിത്രം എഴുതാൻ കഴിയുകയില്ല. ഇതിലും ചുരുങ്ങിയ വാക്കുകൾകൊണ്ട് ഒരാൾക്കും ഒരു മഹാത്മാവിനെ മഹത്വപ്പെടുത്തുവാനും കഴിയുകയില്ല.

## *ചട്ടമ്പിസ്വാമികളുടെ സർവ്വജ്ഞത്വം*

ചട്ടമ്പിസ്വാമികളെ ഗുരു സർവ്വജ്ഞനെന്നാണ് വിശേഷിപ്പിക്കുന്നത്. ഭാരതത്തിൽ സർവ്വജ്ഞൻ എന്നത് ബ്രഹ്മജ്ഞാനിയുടെ പര്യായമാണ്. എല്ലാം അറിയുന്നവൻ എന്നാണ് അതിനർത്ഥം. രമണമഹർഷിയെക്കുറിച്ചും ഗുരു അങ്ങനെ പറഞ്ഞിട്ടുണ്ട്, "എല്ലാം തെരിഞ്ഞവൻ'' എന്ന്.

മുണ്ഡകോപനിഷത്തിൽ ശൗനകൻ എന്ന സത്യജിജ്ഞാസു ഗുരുവായ അംഗിരസ്സു മഹർഷിയെ സമീപിച്ച് ചോദിച്ചു: "കസ്മിന്നു ഭഗവോ വിജ്ഞാതേ സർവമിതം വിജ്ഞാതം ഭവതി." ഏതൊന്നറിഞ്ഞാലാണോ ഇതെല്ലാം അറിയപ്പെട്ടതായിത്തീരുന്നത് ? അതെനിക്കു പറഞ്ഞു തരൂ ഗുരോ. ശിഷ്യനെ ഗുരു നയിക്കുന്നത് ശിക്ഷണത്തിലൂടെയാണ്. അംഗിരസ്സു മഹർഷിക്ക് ശിക്ഷണസമ്പ്രദായം പൂർവ്വ ഋഷികളിൽ നിന്നും ലഭിച്ചിരിക്കുന്നതുകൊണ്ട് വൈദഗ്ദ്ധ്യത്തോടെ പകർന്നു കൊടുക്കാൻ കഴിയുമായിരുന്നു. അംഗിരസ്സു മഹർഷി ശൗനകനോടു പറഞ്ഞു : "ദ്വേ വിദ്യേ വേദിതവ്യേ പരാ ചൈവാപരാച". സർവജ്ഞനാകുന്നത് ശാസ്ത്രീയമായി അടുക്കും മുറയോടെ ബോധിപ്പിക്കുന്നത് രണ്ടു വിദ്യകളെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. പരമാർത്ഥത്തിൽ രണ്ടറിവുകളില്ല. ഒന്നേയുള്ളൂ. നാനാത്വത്തിൽ നിന്നും ദ്വൈതത്തിലേക്കും ദ്വൈതത്തിൽ നിന്നും ഏകത്വത്തിലേക്കുമാണ് ഋഷി ജിജ്ഞാസുവിനെ പിടിച്ചുയർത്തുന്നത്. പരാവിദ്യയും അപ രാവിദ്യയും. അപരാവിദ്യ നാനാത്വരൂ പത്തിലുള്ളതാണ്. പരാവിദ്യ ഏകത്വരൂപത്തിലുള്ളതാണ്. അപരാവിദ്യ കാര്യജാലങ്ങളെ അറിയുന്നതാണ്. പരാവിദ്യ കാരണത്തെ അറിയുന്നതാണ്. പ്രപഞ്ചവിജ്ഞാനീയം അപരാവിദ്യയാണ്. ശാസ്ത്രങ്ങളും അപരാവിദ്യയാണ്. അം ഗിരസ്സു മഹർഷി പറയുന്നു. "ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം, ശിക്ഷാ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം ഇവയെല്ലാം അപരാവി ദ്യയാണ്. അവ ലൗകീകങ്ങളുമാണ്. ലോകജിജ്ഞാസ ശമിക്കുമ്പോഴാണ് ആത്മജിജ്ഞാസ ജനിക്കുന്നത്. ആത്മാവ് നാശമില്ലാത്തതാണ്.നാശമില്ലാത്ത സത്യത്തെ അറിയുന്നതാണ് പരാവിദ്യ. വേദംപോലുള്ള ശാസ്ത്രങ്ങളെ അപരാവിദ്യയിൽപെടുത്തിയത് അവയുടെ ബഹുത്വത്തെ മുൻനിർത്തിയാ ണ്. പരാജ്ഞാനം സ്വസ്വരൂപാനുസന്ധാന ത്തിൽ അധിഷ്ഠിതമാണ്. സർവജ്ഞത്വം ആത്മജ്ഞാനത്തോടെ ഒരു വ്യക്തിയിൽ പ്രസ്ഫുരിക്കുന്നു. ആ വ്യക്തി സർവത്തിലും തന്റെ ഉണ്മയെ അഭിദർശിക്കുന്നു. താൻ തന്നെയാണ് പ്രപഞ്ചമായി പ്രകാശിക്കുന്നതെന്നും ബ്രഹ്മജ്ഞാനി അറിയുന്നു. ബ്രഹ്മജ്ഞാനിയിൽ കാമനകൾ മുളക്കുന്നില്ല. ഇനിയൊന്നും അറിയേണ്ടതായിട്ടില്ല എന്നത് ഇനി ഒന്നും അനുഭവിക്കേണ്ടതായിട്ടില്ല എന്ന അവസ്ഥ കൂടിയാണ്. അംഗിരസ്സു മഹർഷി പറയുന്നു: "ബ്രഹ്മവിദ് ബ്രഹ്മൈവ ഭവതി." ബ്രഹ്മത്തെ അറിയുന്നവൻ ബ്രഹ്മം തന്നെ ആയി തീരുന്നു. "സകലവുമുള്ളതു തന്നെ തത്വചിന്താഗ്രഹനിതു സർവവും ഏകമായി ഗ്രഹിക്കും" എന്ന് ഗുരു തന്നെ ആത്മോപ ദേശ ശതകത്തിൽ കുറിച്ചിരിക്കുന്നു.

## *ക്രാന്തദർശിയായ ഋഷി*

ചട്ടമ്പിസ്വാമികൾ ഋഷിയാണ്. ഋഷി ക്രാന്തദർശിയാണ്. ത്രികാല ജ്ഞാനിയാണ്. എല്ലാ ഭേദങ്ങൾക്കും അതീതമായി സത്യത്തെ കാണുന്നവനാണ്. ഋഷതി ജാനാതി ഇതി ഋഷിഃ എന്നാണ് നിരുക്തി. ഋഷതി എന്നാൽ അറിയുക എന്നാണ്. അറിയുന്നവനാണ് ഋഷി. ഋഷയഃ സമ്യഗ് ദർശിനഃ സമ്യക്കായി ദർശിക്കുന്നവരാ ണ് ഋഷികളെന്ന് വേറൊരു വ്യുത്പത്തി യുമുണ്ട്. ഋഷിമാർ മന്ത്രദ്രഷ്ടാക്കളാണ്. അറിവിന്റെ ഭൂമികയിലാണ് ഋഷികൾ ജീവിക്കുന്നത്. ഋഷികളുടെ നാടായതു കൊണ്ടാണ് ഇന്ത്യയെ ആർഷഭാരതം എന്നു പറയുന്നത്. വേദങ്ങൾ ഋഷി പ്രോക്തങ്ങളാണ്. മന്ത്രസ്രഷ്ടാക്കാളല്ല ഋഷികൾ. മന്ത്ര ദ്രഷ്ടാക്കളാണ്. ചട്ടമ്പിസ്വാമികളുടെ കൃതികളെല്ലാം വേദ സമാനങ്ങളാണ്. വേദാധികാര നിരൂപണം, അദ്വൈത ചിന്താപദ്ധതി, നിജാനന്ദവിലാസം ഇവയെല്ലാം ശ്രേഷ്ഠങ്ങളായ ഗ്രന്ഥങ്ങളാണ്. ഈശ്വരവചനങ്ങൾ കേൾക്കാനുള്ള ഉൾക്കാത് ഋഷികളിൽ തെളിയുന്നതു കൊണ്ടാണ് അവരെ ശ്രോത്രിയരെന്ന് പറയുന്നത്. കാലസ്പർശമേൽക്കാത്ത സത്യത്തെ അതേപടി മൊഴിമാറാൻ അവർക്കു കഴിയുന്നു. ഋഷികൾ പ്രണവമു ണർന്നവരാണ്. പ്രണവത്തിന്റെ ഭാഷാന്ത രീകരണമാണ് ശാസ്ത്രങ്ങൾ. ഋഷി

ആ ദൗത്യം നിർവഹിക്കുന്ന ഒരു പുല്ലാങ്കുഴൽ മാത്രം.

### *സത്യനിഷ്ഠനായ ഗുരു പ്രവരൻ*

ചട്ടമ്പിസ്വാമികൾ സദ്ഗുരുവാണ്. സത്യം ബോദ്ധ്യപ്പെടാനായി ജിജ്ഞാസുക്കൾ സമീപിക്കുന്നത് ഒരു സദ്ഗുരുവിനെയാണ്. സദ്ഗുരു സത്യത്തിൽ ഉറച്ചിരിക്കുന്നവൻ മാത്രമായാൽ പോര. ആ സത്യത്തെ ശിഷ്യന്മാർക്ക് ബോദ്ധ്യപ്പെടുത്താൻ കഴിവുള്ളവൻ കൂടിയാകണം. സദ്ഗുരുക്കന്മാരല്ലാത്തവരെ സമീപിച്ചാൽ ശിഷ്യന്മാർ കുഴഞ്ഞുപോവുകയേയുള്ളൂ എന്ന് ശ്രീരാമകൃഷ്ണപരമഹംസർ പറയും. ഒരു നീർക്കോലി തവളയെപിടിച്ചാൽ തവള കിടന്ന് ഒരുപാട് നേരം നിലവിളിക്കും. എന്നാൽ ഒരു രാജവെമ്പാലയുടെ വായിലാണ് അകപ്പെടുന്നതെങ്കിൽ ഒറ്റക്കടിക്ക് അകത്താക്കും. ഇരക്ക് കരയാൻ പോലും സമയം കിട്ടില്ല. സദ്ഗുരുക്കന്മാരുടെ വായിൽപെട്ടാൽ ക്ലേശങ്ങൾ അധികം ഇല്ലാതെ തന്നെ ജീവന്മുക്തരാകാൻ കഴിയും. മോക്ഷം ഒരുതരം മരണമാണ്. അഹങ്കാരത്തിന്റെ മരണമാണ് മോക്ഷം. ഒരു സദ്ഗുരുവിന് ശിഷ്യന്റെ അഹങ്കാരത്തെ നൊടിയിടയിൽ ഇല്ലാതാക്കാൻ കഴിയും. ശിഷ്യൻ സച്ഛിഷ്യൻ ആയിരിക്കണമെന്ന് മാത്രം.

### *ചട്ടമ്പിസ്വാമികളും ശ്രീശുകബ്രഹ്മർഷിയും*

ഗുരുദേവൻ ചട്ടമ്പിസ്വാമികളെ ശ്രീശുകബ്രഹ്മർഷിയോടാണ് ഉപമിച്ചിരിക്കുന്നത്. ശ്രീശുകൻ വ്യാസമഹർഷിയുടെ പുത്രനാണ്. വ്യാസമഹർഷിയുടെ ആശ്രമം സ്ഥിതി ചെയ്യുന്നത് ബദരിയിൽ സരസ്വതിനദിയുടെ ഉത്ഭവസ്ഥാനത്താണ്. ഒരു ദിവസം അദ്ദേഹം ആശ്രമത്തിൽ വിചാരമഗ്നനായി ഇരിക്കുമ്പോൾ ഹൃദയത്തെ മഥിക്കുന്ന ഒരു കാഴ്ച കണ്ടു. ആശ്രമവാടിയിലെ മരക്കൊമ്പിലുള്ള കൂട്ടിൽ കിളിക്കുഞ്ഞിനെ ലാളിക്കുന്ന അച്ഛൻ കിളിയും അമ്മക്കിളിയും. കിളിക്കുഞ്ഞ് വിശന്ന് കരയുമ്പോൾ അവരിലൊരാൾ ദൂരേക്ക് പറന്ന്പോയി കൊക്കിൽ ഭക്ഷണവുമായി വന്ന് കുഞ്ഞിക്കിളിയുടെ വായിൽ ഇട്ടുകൊടുക്കും. കുഞ്ഞിന് ചൂടു പകർന്നു നൽകാനായി അമ്മ കിളിയും അച്ഛൻ കിളിയും കുഞ്ഞിനോട് ചേർന്നിരിക്കും. കിളികളുടെ സ്നേഹവാത്സല്യങ്ങൾ കണ്ടപ്പോൾ വ്യാസനിൽ പുത്രേഷണ വളർന്നു. ഒരു മകൻ ജനിച്ചുകാണാൻ വ്യാസൻ അഭിലഷിച്ചു. എന്നാൽ വിവാഹം കഴിക്കാൻ വ്യാസന് താത്പ്പര്യമില്ല. അതുകൊണ്ട് തപസ്സ് ചെയ്യാൻ തീരുമാനിച്ചു. കഠിനമായ തപസിൽ ശിവഭഗവാൻ പ്രത്യക്ഷനായി. ഹേ വ്യാസാ, നിനക്ക് മഹാനായ പുത്രൻ ജനിക്കും എന്ന് അനുഗ്രഹിച്ചു. വ്യാസൻ സന്തോഷത്തോടെ ആശ്രമത്തിലേക്ക് തിരിച്ചുപോന്നു.

ഒരു ദിവസം വ്യാസൻ അരളി കടയുകയായിരുന്നു. അപ്പോൾ അവിടെ ഘൃതാചി എന്ന സുന്ദരിയായ അപ്സരസ് വന്നു. വ്യാസൻ ഘൃതാചിയെ സൂക്ഷിച്ചുനോക്കി. അവൾ മഹർഷിയുടെ ശാപത്തെ ഭയപ്പെട്ടു. പെട്ടെന്നവൾ ഒരു ശുകിയുടെ രൂപം ധരിച്ച് പറന്നു പോയി. അപ്പോൾ അവിടെ അത്ഭുതകരമായ ഒരു സംഭവം നടന്നു. അരണി കടഞ്ഞ അഗ്നിജ്വാലയിൽ നിന്നും തേജസ്വിയായ ഒരു ആൺകുട്ടി ഉയർന്നു വന്നു. അവൻ തന്റെ പുത്രനാണെന്ന ബോധം വ്യാസന്റെ മനസ്സിലുണ്ടായി. ഘൃതാചി ശുകി രൂപം ധരിച്ചപ്പോൾ പിറന്നവനായതുകൊണ്ട് അവന് ശുകൻ എന്ന് പേരിട്ടു. അവൻ വളർന്നു വലുതായി ബൃഹസ്പതിയുടെ ശിഷ്യനായി വിദ്യ അഭ്യസിച്ചു. വ്യാസൻ മകനെ വിവാഹം കഴിക്കാൻ നിർബന്ധിച്ചു. വിവാഹവും താപസജീവിതവും ഒന്നിച്ചുപോകില്ലെന്ന് ശുകൻ പറഞ്ഞു. ശുകൻ ലോകത്തിനോട് നിസ്സംഗനം നിർമ്മമനുമായി പെരുമാറി. തീവ്രവൈരാഗിയായി അച്ഛനിൽ നിന്നും പുരാണങ്ങൾ പഠിച്ചു. പരീക്ഷിത് മഹാരാജാവിന് ശ്രീമദ് ഭാഗവതപുരാണം പറഞ്ഞുകൊടുത്ത് ജീവന്മുക്തനാക്കിയത് ശ്രീശുകനാണ്. ശ്രീശുകൻ ലോകജീവിതം മടുത്ത് കൈലാസത്തിലേക്കു പോയി. അച്ഛൻ മകനെ വിളിച്ചുകേണു. അവനിൽ ജീവത്വം നശിച്ച് സർവ്വാത്മത്വം സംഭവിച്ചതിനാൽ വഴിവക്കിലുള്ള മരങ്ങളാണ് ശ്രീശുകനുവേണ്ടി വ്യാസനോട് പ്രതിവചിച്ചത്. കൈലാസത്തിലെ താപസ ജീവിതം അവനെ പരമസിദ്ധനാക്കിത്തീർത്തു. അവൻ വായുവിലുയർന്ന് പരമാകാശത്തിൽ മറഞ്ഞു.

ഗുരുദേവൻ ചട്ടമ്പി സ്വാമികളെ ശുകവർത്മനാ ഉത്ക്രാന്തഃ എന്നാണ് വിശേഷിപ്പിച്ചത്. ശുകമാർഗ്ഗത്തിലൂടെ ഉയർന്നു പോയവൻ. ചട്ടമ്പിസ്വാമികളുടെ അദ്ധ്യാത്മവിശാലതയെ വേദിപ്പിക്കുന്നതാണ് ഈ വാക്കുകൾ. ചട്ടമ്പിസ്വാമികൾക്കു മരണമില്ല എന്ന് കാണിക്കാനാണ് പരമവ്യോമത്തിൽ പൂർണേന്ദുവായി ഭാസിക്കുന്നു എന്ന് പറഞ്ഞത്. പൂർണചന്ദ്രൻ ബോധത്തിന്റെ നിറവിനെയാണ് ദ്യോതിപ്പിക്കുന്നത്. സ്വാമികളുടെ പ്രാരബ്ധം തീർന്നപ്പോൾ വിദേഹമുക്തി പ്രാപിക്കുകയാണ് ഉണ്ടായത്. ജീവന്മുക്തനായ ഒരാൾ പ്രാരബ്ധം തീരുവോളം ഇഹലോകത്ത് ജീവിക്കണം. പ്രാരബ്ധം തീരുമ്പോൾ ദേഹവും കളയുന്നു. പിന്നെ പൂർണ്ണബോധമായി നിലനിൽക്കുന്നു. ബുദ്ധഗുരുക്കന്മാർ ആകാശത്തിൽ ജ്വലിച്ചു നിൽക്കുന്ന പൂർണേന്ദുവിനെ നോക്കി ബുദ്ധചിത്തത്തെ ധ്യാനിക്കാറുണ്ട്. ചട്ടമ്പിസ്വാമികൾ ബുദ്ധനായി ഇന്നും നമ്മുടെയെല്ലാം ചിദാകാശചന്ദ്രനായി വസിക്കുന്നുണ്ട്. കലാനിധി എന്ന വാക്കിന്റെയർത്ഥം ചന്ദ്രൻ എന്നാണ്. കലകൾ പൂർണ്ണമായി നീങ്ങുന്നത് പ്രാരബ്ധങ്ങൾ നീങ്ങുന്നതുപോലെയാണ്.

### *ചട്ടമ്പിസ്വാമികളുടെ തിരുവിളയാട്ടം*

ചട്ടമ്പിസ്വാമികളുടെ സർവ്വകലാവല്ലഭത്വത്തെക്കുറിച്ച് ഗുരുദേവൻ പറയുന്നു: "........... ചട്ടമ്പിയെ അറിയുമോ? ചട്ടമ്പി സർവ്വകലാവല്ലഭനാണ്. ചട്ടമ്പി വായിക്കാത്ത പുസ്തകങ്ങളില്ല. നാം പുസ്തക വായനയിൽ പ്രായേണ വിമുഖനാണ്. ചട്ടമ്പി പല പുസ്തകങ്ങളും നമ്മെ വായിച്ചു കേൾപ്പിച്ചിട്ടുണ്ട്. അങ്ങനെയാണ് പുസ്തകങ്ങളിൽ നിന്നും നമുക്ക് പലതും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. കൊട്ടിനും പാട്ടിനും ചട്ടമ്പി വിദഗ്ധനാണ്. ഞങ്ങൾ ഒരുമിച്ച് വാമനപുരത്ത് താമസിച്ചിരുന്ന കാലത്ത് സമീപത്തുള്ള ഒരിടത്ത് ചെണ്ടവാദ്യം കേട്ടു. ഒരു ചെണ്ട വിദഗ്ധൻ ചിലരെ ചെണ്ടകൊട്ട് പഠിപ്പിക്കുകയായിരുന്നു. അവിടെ എത്താൻ ചട്ടമ്പി തിടുക്കം കൂട്ടി. നമ്മെക്കൂടി അവിടെ നിർബന്ധിച്ചുകൊണ്ടുപോയി. ചെണ്ട വിദഗ്ധനെ തന്റെ വൈദഗ്ധ്യം കാട്ടുവാനായി ചെണ്ടവാങ്ങിച്ചു ചട്ടമ്പി കൊട്ടാനും തുടങ്ങി. ശ്രോതാക്കളായി അവിടെ ഇരുന്ന എല്ലാവരും ഏകാഗ്രതയോടെ ചട്ടമ്പിയുടെ കൊട്ടിന്റെ വൈചിത്ര്യരസത്തിൽ ലയിച്ചു. ചെണ്ടകൊട്ടിൽ അരസികനായ നാം ആ അവസരംനോക്കി അവിടെ നിന്നും മടങ്ങിപ്പോന്നു. വാദ്യാവസാനത്തിൽ നമ്മെ അവിടെയങ്ങും കാണാത്തതിനാൽ നാം ആകാശഗമനം ചെയ്തുകളഞ്ഞെന്നു അവരിൽ ചിലർ പറഞ്ഞതായി അറിഞ്ഞു...."

ഗുരുദേവൻ ചട്ടമ്പി സ്വാമികളെ മഹാപ്രഭു എന്നാണ് അഭിസംബോധന ചെയ്യുന്നത്.

ഇവിടെ പ്രഭു ഈശ്വരാർത്ഥവാചി
തന്നെയാണ്. മനുഷ്യനിൽ പ്രഭവിതാ
ഭവതി ഇതി പ്രഭുഃ എന്നാണ് വ്യുത്പത്തി
പ്രഭവിതാ എന്നാൽ സമർത്ഥതയാണ്.
മഹാപ്രഭു എന്നാൽ സർവരംഗങ്ങളിലും
സാമർത്ഥ്യത്തെ കുറിക്കുന്നതാണ്.
ചട്ടമ്പിസ്വാമികളുടെ സർവകലാവല്ലഭത്വം
ഗുരുവിനെ വളരെയധികം ആശ്ചര്യ
ഭരിതനാക്കിയിട്ടുണ്ട്. ചട്ടമ്പിസ്വാമികൾ
ജീവിതം നയിച്ചത് ക്രീഡാലോലുപനാ
യിട്ടാണ്. ശിശുക്കളുടെ ജീവിതത്തിൽ
കാണുന്ന ക്രീഡാതത്പരത തന്നെയാ
ണ് ജ്ഞാനനിഷ്ഠനിലും ആവിഷ്ക്കരി
ക്കപ്പെടുന്നത്. ഈശ്വരൻ പ്രപഞ്ചത്തെ
സൃഷ്ടിക്കുന്നത് കേവലം ലീലയായി ട്ടാണ്.
ഗുരു തന്നെ ആത്മോപദേശ ശതകത്തിൽ
പ്രപഞ്ചസൃഷ്ടിയെ തിരുവി ളയാടൽ
എന്നാണ് വിശേഷിപ്പിച്ചിരി ക്കുന്നത്.
ശൈവസിദ്ധാന്തികളും സൃഷ്ടിസ്ഥിതിസ
ംഹാരങ്ങളെ ശിവനടനമായാണ് അറി
യുന്നത്. മനുഷ്യനിലേക്ക് വരുമ്പോൾ
അവൻ സ്രഷ്ടാവിന്റെ സ്ഥാനം സ്വയം
ഏറ്റെടുക്കുന്നു. എല്ലാറ്റിന്റെയും കർത്താവ്
താനെന്ന് മൂഢമായി വിചാരിക്കുന്നു. അതിന്റെ
ഫലമായി അവൻ കർമ്മഫലത്തിൽ
ആസക്തി പൂണ്ടവനായിത്തീരുന്നു.
കർമ്മഫലങ്ങൾ ചിലപ്പോൾ അനുകൂലങ്ങളും
ചിലപ്പോൾ പ്രതികൂലങ്ങളും ആയി
ഭവിക്കും. പ്രതികൂലമെങ്കിൽ അവൻ
പൊട്ടിക്കരയും. അനുകൂലമെങ്കിൽ അവൻ
പൊട്ടിച്ചിരിക്കും. മനുഷ്യന് കർമ്മാസക്തി
ഇരിക്കുന്നതുകൊണ്ടാണ് സുഖദുഃഖ
സമ്മിശ്രതകൾക്കിടയിൽ നട്ടംതിരിയുന്നത്.

വർത്തമാന നിമിഷത്തിൽ മാത്രം
ജീവിക്കുന്നതാണ് ആനന്ദലീല. ഭൂത
ത്തിലേക്കും ഭവിഷ്യത്തിലേക്കും തെ
ന്നിപ്പോകുന്നത് ദുരന്തവും ദുഃഖദായക
വുമാണ്. ഭൂതവും ഭാവിയുമാണ് മരണം.
വർത്തമാനത്തിൽ അമരുന്നതാണ്
അമൃതം. വർത്തമാനകാലത്തിൽ
ജീവിക്കാൻ കഴിയുന്നത് ഒരു കലയാണ്.
ചട്ടമ്പിസ്വാമികൾ നിത്യവർത്തമാനത്തിൽ
നിലകണ്ടെത്തിയ സ്ഥിതപ്രജ്ഞനായിരുന്നു.
സ്വാമികൾ ജീവിതത്തെ കളിമട്ടിൽ ജീവിച്ചു.
ഉണ്ണുന്നതും ഉറങ്ങുന്നതും സംസാരി
ക്കുന്നതും നടക്കുന്നതും ഇരിക്കുന്നതും
സ്വാമികൾക്ക് വിനോദമായിരുന്നു. സ്വാമി
കളുടെ ജീവകാരുണ്യം പോലും ആന
ന്ദലീലയുടെ ഭാഗമായിരുന്നു. സ്വാമികളെ
കാണുമ്പോൾ തന്നെ മനസ്സിന്
ഉല്ലാസമുണ്ടാകും. സ്വാമികളുടെ
നിലമനസ്സിലാക്കാനായി ശ്രീനാരായ
ണഗുരുവിനും തന്റെ അന്തരംഗലീല
കളിലേക്ക് നോക്കിയാൽ മതിയായിരുന്നു.
അതുകൊണ്ടാണ് ഗുരു പറഞ്ഞത്,
"സ മഹാപ്രഭുഃ അധിംകാലം ലീലയോ
നീത്വാ അന്തേ നിസ്വം വപുഃ
സമുസൃജ്യ സ്വം ബ്രഹ്മപുഃ
ആസ്ഥിതഃ" എന്ന്.

## *ബ്രഹ്മവപുസ്സിലമർന്ന വിദേഹമുക്തി*

ചട്ടമ്പിസ്വാമികൾ എഴുപത്തിരണ്ട്
വർഷക്കാലമാണ് സശരീരനായി നമ്മോടൊപ്പം
ജീവിച്ചത്. ആ ജീവിതം ലോകോപ
കാരാർത്ഥം ലീലയായി ജീവിച്ചു. ഗുരു
ചട്ടമ്പിസ്വാമികളുടെ മഹാസമാധിയെ രണ്ട്
വരികളിലൂടെയാണ് വിശദീകരിക്കുന്നത്.
നമ്മുടെ മാംസമയമായ ശരീരത്തോടു
നാം വെച്ചുപുലർത്തുന്ന അജ്ഞാന
ജന്യമായ മമതയാണ് ദുഃഖഹേതു.
ആ ശരീരത്തിൽ ഞാനെന്നും
എന്റേതെന്നും ഉള്ള തോന്നലുകൾ
വളർത്തിയെടുത്താണ് നാം ജീവിതത്തെ
സങ്കീർണ്ണമാക്കുന്നത്. അത് ഒരു
അവിദ്യാഭ്യാസമാണ്. നമ്മുടെ വിദ്യാല
യങ്ങളും രക്ഷിതാക്കളും കുഞ്ഞുങ്ങളെ
അവിദ്യാചാരികളാക്കിത്തീർക്കുകയാണ്
ചെയ്യുന്നത്. ശരീരത്തിന്റെ ആയുസാകുന്ന
പ്രാരബ്ധം തീർന്നപ്പോൾ അതിനെകളഞ്ഞ്
ശാശ്വതമായ ബ്രഹ്മശരീരത്തിൽ അമർന്നു.
നാം എല്ലാവരും ബ്രഹ്മസ്വരൂപികളാണ്.
നമുക്ക് അതറിയാനുള്ള സാഹചര്യം
ലഭിക്കുന്നില്ല. ഭാരതത്തിന്റെ മണ്ണിൽ നമ്മെ
യെല്ലാം ബ്രഹ്മസ്വരൂപികളാണെന്നുള്ള
ബോധം ജനിപ്പിക്കുന്ന വിദ്യാഭ്യാസപ്രക്രിയ
പുഷ്ക്കലമായിരുന്നു. ഇന്ന്
പാശ്ചാത്യന്റെ ഭൗതികകാമിതങ്ങളായ
വിദ്യാഭ്യാസ പ്രക്രിയ മേൽക്കൈ
നേടിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം
ദുഃഖവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
കാപട്യവും ചതിയും വർദ്ധിച്ചുകൊണ്ടിരി
ക്കുന്നു. ചട്ടമ്പിസ്വാമികളുടെ മഹാസമാധി
യിലേക്കു നോക്കുമ്പോൾ എത്ര ആന
ന്ദദായകമായ ജീവിതമായിരുന്നു ആ
മഹാത്മാവ് നയിച്ചതെന്ന് ബോധ്യപ്പെടും.
ഒരു ആത്മജ്ഞാനിക്കു മാത്രമേ വേറൊരു
ആത്മജ്ഞാനിയുടെ ആത്മരഹസ്യം തിരി
ച്ചറിയാനാവുകയുള്ളൂ. ■



"സർവ്വജ്ഞഃ ഋഷിരുത്ക്രാന്തഃ
സത്ഗുരുഃ ശുകവർത്മനാ
ആഭാതി പരമവ്യോമ്നി
പരിപൂർണ്ണകലാനിധിഃ."

:- ശ്രീനാരായണഗുരു


Best Compliments from
Dr. M. Anirudhan & Nisha
Chicago

# ഗുരുവിന്റെ അപരനും ധർമ്മചിന്തയും ചില നിരീക്ഷണങ്ങൾ

*ഡോ. നിസ്സാർ അഹമ്മദ്*



ഇതരരോട് എങ്ങനെയാണ് ഞാൻ ഇടപെടേണ്ടത് എന്നത് ധാർമ്മികമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന ചോദ്യമാണ്. സഹ ജീവികളുമൊത്തു കഴിയുമ്പോൾ, ഞാൻ പറയുന്നതും ചെയ്യുന്നതും അവരെ എങ്ങനെ ബാധിക്കുന്നു എന്ന ചോദ്യത്തെ എനിക്ക് ഒഴിവാക്കാനാവില്ല. അപരരെ ബാധിക്കുന്ന എന്റെ പ്രവൃത്തികൾ ശരിയോ തെറ്റോ, നല്ലതോ ചീത്തയോ എന്ന് എപ്പോഴും മൂല്യനിർ ണയം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നു അപരരെ ബാധിക്കുന്ന നമ്മുടെ പ്രവൃത്തികളിലെ ശരി തെറ്റുകളും നന്മ-തിന്മകളുമാണ് ധാർമ്മികതയുടെ പ്രമേയം. സന്യാസിയായ നാരായണഗുരു, ലോകത്തെ ഉപേക്ഷിച്ച് നിവൃത്തി നേടുന്നതിനു പകരം ലോകരുമായി കൂടുതൽ ഇടപെട്ട്, പ്രവൃത്തിയാര് ആവുകയാണുണ്ടായത്. അതിൽ "ആര്" ഇല്ല, പ്രവൃത്തിയുണ്ട്, എന്നാണ് ചട്ടമ്പി സ്വാമികളുടെ ചോദ്യത്തിന് ഗുരു മറുപടി പറയുന്നത്. ഗുരുവിന്റെ ഈ ഇടപെടൽ, ധാർമ്മികതയിൽ വിശേഷിച്ചൂന്നാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടാവണം.

സ്വയം-അപരം, താൻ-ഇതരൻ, ഞാൻ-നീ, എന്നിങ്ങനെ ദ്വയരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യാനുഭവത്തെ എങ്ങനെയാണ് നാം ഗ്രഹിക്കേണ്ടത്? രണ്ടെന്ന ഈ അനുഭവം ഏതെങ്കിലും ഒന്നിലേക്ക് (സ്വം അല്ലെങ്കിൽ അപരം, അതുമല്ലെങ്കിൽ മൂന്നാമതൊന്നിലേക്ക്) ലഘൂകരിക്കപ്പെടാനാവാത്ത ഒരു സദവസ്ഥയാണോ? അതോ ആത്യന്തിക വിശകലനത്തിൽ, അല്ലെങ്കിൽ സമഗ്രമായ അറിവിന്റെ, ഉൾക്കാഴ്ചയുടെ സാന്നിധ്യത്തിൽ മറഞ്ഞുപോകുന്ന ഭ്രമമോ, അധ്യാരോപമോ? തുല്യമായ മറ്റൊന്നില്ലാതെ, സ്വലക്ഷണങ്ങളോടെ, നിലനിൽക്കുന്നതെന്തോ അതിനെ അപരം എന്ന് ഭാരതീയ ദർശനങ്ങളിൽ ചിലത് വിശേഷിപ്പിക്കുന്നുണ്ട്. ഗുരുവിന്റെ കൃതിയിൽ പരാമർശിക്കുന്ന അപര പ്രകൃതി അത്തരം വിവക്ഷയുള്ള ഒന്നാണെന്നു പറയാം. അതു ജഡാനുഭവത്തിലേയ്ക്ക് നയിക്കുന്ന അപരാവിദ്യയുടെ ധർമ്മമായിട്ടും മനസ്സിലാക്കപ്പെടുന്നു. എന്നാൽ 'അവനവനാത്മ സുഖത്തിനാചരിക്കുന്നവയപരനു സുഖത്തിനായ് വരേണം' എന്ന് ആത്മോപദേശശതകത്തിൽ കാണുന്ന 'അപരൻ' എന്ന പ്രയോഗത്തിന് സ്വം അല്ലാത്തത്, വ്യത്യസ്തം എന്ന അർത്ഥമാണുള്ളത്. അവിടെ അപരം എന്നത് മറ്റൊരു 'സ്വം' തന്നെയാകുന്നു. എന്നാൽ സ്വം അപരം എന്നതിലെ അപരം സ്വന്തം ലക്ഷണങ്ങളോടെ, തുല്യമായ മറ്റൊന്നില്ലാതെ നിലനിൽക്കുന്നതാണെങ്കിൽ, അപരത്വത്തിലേക്ക് കടക്കുവാനുള്ള 'എന്റെ' സാധ്യതകൾ മങ്ങും. ബന്ധത്തിലൂടനീളം, ഒന്നു 'ഞാനും' മറ്റേത് 'നീയും' ആയി അവശേഷിക്കും. അപരനെ 'നീ'യായി കാണുന്നത്, തമസ്സിന്റെ, അവിദ്യയുടെ ഫലമാണ് എന്ന് ഒരു പക്ഷമുണ്ട്. 'ഇരുളിലിരിക്കുന്നതാര്, നീ പറയൂ' എന്ന് ഒരാൾ ചോദിക്കുമ്പോൾ ഞാനതിനു കൊടുക്കുന്ന മറുപടി ഒരു മറുചോദ്യമാണ്. 'നീയുമാര്?' രണ്ടിനും ഉത്തരം 'ഞാൻ' എന്നു തന്നെ. മറ്റൊരാളും 'ഞാൻ' തന്നെ അഥവാ ഒരു 'സ്വം' ആണ് എന്നത് അപരത്വത്തിന്റെ മറനീക്കലാണ്. അന്വേഷിച്ചു ചെല്ലുമ്പോൾ 'ഞാൻ' 'ഞാൻ' എന്നു പറയുന്നതൊക്കെയും പലതല്ല, ഒന്നാണ് എന്നു മനസ്സിലാവും. മറ്റു ചില വീക്ഷണങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു പോലെ 'അഹം' അവിദ്യയാണെന്ന് ഗുരു കരുതുന്നില്ല. എന്നാൽ അഹന്ത അത്തരമൊന്നാണ്. അനേകമാവുന്നത് അഹംതയാണ്. അഹത്തിന്റെ പ്രത്യേകമായ, സവിശേഷമായ അംഗീകരണമാണ് അഹംത. അഹത്തിന്റെ പൊരുൾ എന്താണ്? അതറിയുമ്പോൾ അപരനും ഞാനും തമ്മിലുള്ള വ്യത്യാസം ഇല്ലാതാവുന്നു. അഹം എന്നനുഭവപ്പെടുന്നതും (അഹംതയായി ഉറച്ചുപോയിട്ടില്ലാത്ത അഹം) അറിവും (ബോധം) ഒന്നു തന്നെയാണെന്ന് ആത്മബോധമുള്ളവർ തിരിച്ചറിയുന്നു. അറിവിൽ നിന്ന് അഹം അന്യവൽക്കരിക്കപ്പെടുമ്പോഴാണ് അഹംതയുണ്ടാവുന്നത്. അഹംതയുള്ളപ്പോൾ അപരരും ഉണ്ട്. അറിവിൽ നിന്നാണ് അഹന്ത ആവിർഭൂതമാവുന്നത്. അതോടൊപ്പം 'ഇത്' എന്ന വസ്തുബോധവും മറ്റുള്ളവയിൽ നിന്നെല്ലാം എന്നെ വേറിട്ട് കാണാൻ വസ്തുബോധം പ്രേരിപ്പിക്കുന്നു. അതോടെ, അറിവ് വെറും വസ്തുബോധം മാത്രമായിത്തീരുന്നു. അഹംതയുടെ വസ്തുബോധം, അറിയുന്ന ആൾ (അഹം), അറിവ് (വസ്തുബോധം), അറിയപ്പെടുന്നത് (വസ്തു) എന്ന വിഭജനത്തിലേയ്ക്ക് ഇതു നയിക്കുന്നു. ഇപ്രകാരം, വസ്തുബോധമായി, വിഷയജ്ഞാനമായി, പരിണമിച്ച അറിവിന്റെ വിഷയങ്ങളിൽ ഒന്നായിട്ടാണ് അപരൻ നിർമ്മിക്കപ്പെടുന്നത്. അഹത്തിന്റെ പൊരുളറിയാത്ത അറിവിനെയാണ് അന്യ, അവിദ്യ, അപരാവിദ്യ എന്നെല്ലാം വിളിക്കുന്നത്. ഈ ന്യായമനുസരിച്ച്, അപരപ്രകൃതിയും അപരവും സമാനമായ സംകൽപ്പങ്ങളായി പരിഗണിക്കാം. രണ്ടും ജഡാനുഭവത്തിൽ നിന്ന് ഉയരുന്നവയാണ്. രണ്ടും അഹംതയുടെ വസ്തു ബോധത്തിൽ നിന്ന് ഉണ്ടാവുന്നതാണ്. ചികഞ്ഞു നോക്കിയാൽ, പദാർത്ഥത്തെക്കുറിച്ചുള്ള സൂക്ഷ്മാനുഭവം, പദാർത്ഥങ്ങളുടെ ബഹുലതയെയും വ്യതിരിക്തതകളെയും സാരാംശത്തിൽ അംഗീകരിക്കാത്ത അറിവായിരിക്കുമെന്നു നാരായണഗുരു മറ്റൊരിടത്ത് സൂചിപ്പിക്കുന്നുണ്ട്. 'വിഭാജ്യാവയവം സർവ/മേകൈകം തത്രദൃശ്യതേ/ചിന്മാത്രമഖിലം നാന്യ/ദിതിമായാവിദൂരംഗം'. അതായത്, പദാർത്ഥം അല്ലെങ്കിൽ ജഗത്, അതിന്റെ സൂക്ഷ്മമായ അസ്തിത്വത്തിൽ അഖണ്ഡബോധം തന്നെയാണ് എന്നത്രെ അദ്വൈതികളുടെ നിലപാട്. അപരപ്രകൃതിയുടെ പാദാർത്ഥികത, അതിനാൽ 'അപരാ' വിദ്യയുടെ, 'അന്യ' ബുദ്ധിയുടെ, അവിദ്യയുടെ ആരോപമാണ്. സ്വമല്ലാത്ത വേറൊന്ന് ആണ് അപരൻ എന്ന ബോധവും, അതുപോലെ സൂക്ഷ്മജ്ഞാനത്തിന്റെ അഭാവത്തിൽ നിന്നുദിക്കുന്നതാണ്. എന്റെയും അപരന്റെയും ജഡാനുഭവങ്ങളിൽ നിന്നു ജന്യമാണ് സ്വയം-അപരം എന്ന വേർതിരിവ്. ശരീരം, പഞ്ചേന്ദ്രിയങ്ങൾ, മനസ്സ് മുതലായ അവയവങ്ങളെയെല്ലാം ചേർത്തുകൊണ്ട് കേന്ദ്രസ്ഥാനത്ത് വർത്തിക്കുന്ന അവയവി (ജീവൻ) തന്നെയാണ് അഹം. ഭിന്നവ്യക്തികൾക്ക് ഭിന്നമല്ല, വേറെ വേറെയായി തോന്നുന്നത് മനഃസങ്കൽപ്പങ്ങളുടെ വൃത്തിമൂലമാണ്. അവർ, ഇവർ എന്നെല്ലാം അറിയുന്നത്. ഒന്നാലോചിച്ചാൽ, ആദിമമായ ഒരു ആത്മരൂപം തന്നെയാണ്. ഞാൻ എന്ന് എനിക്ക് തോന്നുന്നതും 'ഞാൻ' എന്ന് മറ്റൊരാൾക്ക് തോന്നുന്നതും. ആത്മബോധത്തിന്റെ സ്ഫുരണങ്ങൾ തന്നെയാണ്. 'ഞാൻ' 'അഹം' എന്നതിനെ ജഡമായോ അസത്തായോ എണ്ണേണ്ടതില്ല. ജഡമായിരുന്നെങ്കിൽ, അസത്തായിരുന്നെങ്കിൽ, അത് ബോധാവസ്ഥയാകുമായിരുന്നില്ല. അനുഭവം അറിവിന്റെ ഒരു രൂപമാണ്. ഒരു കാര്യം നാം അനുഭവിക്കുകയെന്നു പറയുമ്പോൾ നാമതറിയുകയാണെന്നതാണ് വിവക്ഷ. അനുഭവകേന്ദ്രത്തെയാണ് ഞാൻ എന്ന് കരുതിപ്പോരുന്നത്. അതുകൊണ്ട് ഞാൻ ബോധരൂപമാണ്. നാരായണഗുരു ജനത്തിന് ഈ ഗുണം നിഷേധിക്കുന്നു. 'അഹം' ജഡരൂപമല്ല, ജഡം അറിയുന്നില്ല, അറിയുന്നതു ജഡമല്ല, ഇങ്ങനെനോക്കിയാൽ ആത്മത്തിന്റെ ജൈവരൂപം. ജീവാവിഷ്കാരം, തന്നെയാണ് അഹം. തത്ത്വചിന്തയുടെ ചരിത്രത്തിൽ ആശയവാദമെന്നു വിളിക്കുന്ന ഒരു വീക്ഷണഗതിയാണ് ഇതിൽ പ്രതിഫലിക്കുന്നതെന്ന് വേണമെങ്കിൽ വാദിക്കാം. പക്ഷേ, ഈ കുറിപ്പിന്റെ താൽപ്പര്യം നാരായണഗുരു "സ്വയം-അപരം" എന്ന ദ്വന്ദ്വത്തെ എങ്ങനെ മറികടക്കുന്നുവെന്ന് കാണിക്കുകയാണ്. അതേസമയം ഗുരുവിന്റെ ഈ ഉൾക്കാഴ്ച ആശയവാദത്തിന്റെ പദ്ധതിയെ അവലംബിച്ചു മാത്രം നിലനിൽപ്പുള്ള ഒന്നല്ലെന്നും ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ആത്മത്തെ അസ്ഥിരമായ ഒരു

സംവർഗ്ഗമായി കാണുന്ന ബൗദ്ധചിന്തയിലും വികൽപബുദ്ധി മറികടക്കുന്ന ഒരവസ്ഥയെ വിഭാവനം ചെയ്യുന്നു. അവിടെയും ജഡാനുഭവത്തിന്റെ ക്ഷണഭംഗുരതയിലും ശൂന്യതയിലും ഊന്നിക്കൊണ്ട് ചിത്തവൃത്തിയുടെ ആധാരശൂന്യതയെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ദുഃഖഹേതുകമായ അഞ്ചുദളങ്ങളോട് (പഞ്ചേന്ദ്രിയങ്ങളോട്) കൂടി (സൂക്ഷ്മവും സ്ഥൂലവുമായ ശരീരങ്ങളുടെ) രണ്ട് തട്ടായിച്ചുഴലുന്ന അനാദിയായ വിളക്കു തൂക്കി, നിഴലാകുന്ന ശരീരവുംകൊണ്ട് എരിയുന്ന ഒന്നായി ആത്മത്തെ ഗുരു സംകൽപ്പിക്കുന്നു. അവിടെ നെയ്യ് മനുഷ്യവംശത്തിന്റെ ആ പഴകിയ (കർമ്മ) വാസനകൾ തന്നെ. എരിയാനുള്ള തിരിയോ ചിത്തവൃത്തിയും. മനുഷ്യർക്ക് ദുഃഖത്തെ കൊണ്ടുവരുന്ന ഉപാധികളായിട്ടാണ് ഇന്ദ്രിയങ്ങളെ ഈ ശ്ലോകത്തിൽ കൽപ്പന ചെയ്തിട്ടുള്ളത്. കർമ്മവാസനകൾ ചിത്തവൃത്തിയെയാണ് പ്രചോദിപ്പിക്കുന്നത്. ചിത്തവൃത്തിയുടെ പദാർത്ഥം, ഇന്ദ്രിയഗ്രഹണത്തിലൂടെ അകത്തുകടക്കുന്ന വസ്തുവിവരവും, ആ കത്തുന്നത് ദീപ്തി, അഹം തന്നെ. അത് ആത്മത്തിന്റെ ബഹിർസ്ഫുരണവും. ശരീരത്തിന്റെ ബന്ധനത്തിൽ കഴിയാൻ വിധിക്കപ്പെട്ട പോലെ ആത്മത്തെ ചിത്രീകരിക്കുന്ന ഈ വാങ്മയം ഗ്രീക്കു പുരാണത്തിലെ ബന്ധനസ്ഥനായ പ്രൊമിത്യൂസ് എന്ന ദേവനെ ഓർമ്മിപ്പിക്കുന്നു. ആത്മാവിഷ്ക്കാരം അഹരൂപത്തിലാണ് എന്നത് ബന്ധനം തന്നെ. ബന്ധനസ്ഥനായ പ്രൊമിത്യൂസിന്റെ പ്രതിബിംബമാണ് യന്ത്രബന്ധിതനായ തൊഴിലാളിയെ ചിത്രീകരിക്കാൻ കാറൽ മാർക്സ് ഉപയോഗിച്ചത്. മനുഷ്യരാശിയുടെ മോചനം തൊഴിലാളിയുടെ മോചനമായിരിക്കും എന്ന് മാർക്സ് വിശ്വസിച്ചു. ഗുരുവാകട്ടെ, വാസനകളും ചിത്തവൃത്തിയും നിറഞ്ഞ സ്ഥൂലവും സൂക്ഷ്മവുമായ ശരീരത്തിന്റെ ക്ഷേത്രത്തിൽ കുരുങ്ങിപ്പോകുന്ന ആത്മാവിന്റെ മോചനമാണ് മനുഷ്യവംശത്തിന്റെ മോചനമെന്നു കരുതി. അന്യാദൃശഹൃദ്യമായ ഈ പ്രതിബിംബത്തിൽ ആത്മം പ്രാരബിംബത്തിന്റെ പര്യായം തന്നെയല്ല? ഗുരു ഉദ്ദേശിച്ചതും അതു തന്നെ. എരിയുന്നത് ആത്മാവാണ്. കർമ്മവാസനകളും ചിത്തവൃത്തിയും ചേർന്ന് കരണങ്ങളുടെയും ഇന്ദ്രിയങ്ങളുടെയും സഹവർത്തിതയോടെ സ്ഥൂലവും സൂക്ഷ്മവുമായ ശരീരങ്ങളുടെ ക്ഷേത്രത്തിൽ ചെയ്യപ്പെടുന്ന ഒരു പുരാതന യജ്ഞം തന്നെ മനുഷ്യജീവിതം. ഈ യജ്ഞത്തിൽ ആത്മത്തിന്റെ ഭൂമികയന്താണ്? 'സ്വയം ക്രിയന്തേ കർമ്മാണി/കരണൈരിന്ദ്രി യൈരപി. (കരണങ്ങളെക്കൊണ്ടും ഇന്ദ്രിയങ്ങളെക്കൊണ്ടും കർമ്മങ്ങൾ സ്വയം ചെയ്യപ്പെടുന്നു). അവിടെ ആത്മത്തിനെന്തുകാര്യം? അസംഗവും സ്വപ്രകാശകവുമാണെങ്കിലും നിദ്രയിലെ തൈജസത്തെ (ബോധത്തെ) പ്പോലെ ആത്മം തന്നെയാണ് ബാഹ്യരൂപധൃക് ആയി മായയാൽ കർമ്മം ചെയ്യുന്നത്- എന്ന് ദർശനമാലയിൽ പറയുന്നു. മായയാൽ കർമ്മം ചെയ്യുന്നു എന്നിടത്ത് അടിവരയിടണം- കർമ്മം ചെയ്യുകയല്ല ചെയ്യുകയാണെന്നു പ്രതീതിയുണ്ടാവുകയാണ്. ആത്മത്തിന്റെ ഈ കർതൃത്വധാരണമാണ്, അഹമായി പ്രത്യക്ഷീഭവിക്കുന്നത്. "മാന്യേ, വദാമി, ഗൃഹ്ണാമി/ശൃണോമി ഇത്യാദി രൂപതഃ/ക്രിയതേ കർമ്മപരമാത്മനാ" എന്ന് ഗുരു സന്ദേഹത്തിനിടയില്ലാത്തവിധം വ്യക്തമാക്കുന്നു. 'ഞാൻ ചെയ്യുകയും, ആത്മത്താൽ ചെയ്യപ്പെടുകയും' എന്നു പറയുമ്പോൾ വിവക്ഷിക്കന്നത്, കർതൃത്വം എന്നത് അഹത്തിന്റെ ഒരു അവകാശവാദം ആണ് എന്നത്രെ. മായ ഒഴിയുമ്പോൾ ആ വാദവും ഒഴിയും. ജ്ഞാനി 'ഞാൻ ചെയ്യുന്നില്ല' എന്ന് കർമ്മത്തിൽ സജ്ജനാവാതെയിരിക്കുന്നു. ഭഗവത്ഗീതയിൽ 'നൈവം കിം ചിത് കരോമ്യഹം' (ഞാൻ ഒന്നും ചെയ്യുന്നില്ല) എന്നും ഉണ്ട്. ഇങ്ങനെനോക്കിയാൽ 'അഹം' സ്വയം മായാരൂപംഅല്ല. ആത്മത്തിൽ നിന്ന് മായയാൽ ഉണ്ടാവുന്ന പ്രതീതിയാണ്. അതുകൊണ്ട് അഹം, ഗുരുവിനെ സംബന്ധിച്ച് ശൂന്യമല്ല, അഹത്തിന്റെ ബോധലക്ഷണം, അല്ലെങ്കിൽ ബോധസ്വഭാവം തന്നെ, ആത്മത്തെ തിരിച്ചറിയാൻ മനുഷ്യർക്ക് ലഭ്യമായ തുരുമ്പ് ആണ്. നിലനിൽപ്പിന്റെ അറ്റം കാണാത്ത കടലിൽ മനുഷ്യർക്ക് രക്ഷപ്പെടാനുള്ള ഒരു പൊങ്ങുതടി. അഹംബോധത്തിൽ ലീനമായിരിക്കുന്ന ഈ ശക്തിവിശേഷത്തെ തിരിച്ചറിയുകയെന്നത് ആനന്ദപൂർണ്ണമായ, ദുഃഖനിവൃത്തമായ ജീവിതത്തിന്റെ ഒരു മുന്നുപാധിയാണ്.

ഞാൻ ചെയ്യുന്നില്ലെന്നതിന്റെ വിവക്ഷ ആത്മാവാണ് ചെയ്യുന്നത് എന്നല്ല. ഗുരു പറയുന്നു 'ശക്തിരസ്ത്യാത്മനഃ കാചി/ദുർഘടാനപൃഥക്സ്വതഃ/തയൈ വാരോച്യതേകർമ്മ/നിഖിലം നിഷ്ക്രിയാത്മനി. (ആത്മത്തിൽ നിന്ന് സ്വതവേ വ്യത്യസ്തമല്ലാത്ത ഒരു ശക്തി ദുർഗ്ഗതമായി- ഗ്രഹിക്കാൻ പ്രയാസമായിട്ടിരിപ്പുണ്ട്, ആ ശക്തിയാൽ നിഷ്ക്രിയമായ ആത്മത്തിൽ നിഖില കർമ്മങ്ങളും ആരോപിക്കപ്പെടുന്നു. ആത്മത്തിൽ കർതൃത്വമില്ലെങ്കിൽ ആത്മൻ നിഷ്ക്രിയമാണെങ്കിൽ, അത് കർമ്മങ്ങളിൽ പിണഞ്ഞിരിക്കുന്നതായി കാണപ്പെടുന്നത് എന്തുകൊണ്ട്? അഹംതയും, അതിന്റെ വസ്തുബോധവുമാണ് ഇങ്ങനെ ആത്മത്തെ സങ്കൽപ്പിക്കുന്നത്. കർത്താവ്, കർമ്മം എന്നത് 'എന്താണോ ഉള്ളത്' അതിന്റെ കുറഞ്ഞപക്ഷം, അപര്യാപ്തമായ പ്രതിനിധാനമാണ്. 'എന്താണോ ഉള്ളത് അതിന്റെ നൈസർഗ്ഗിക രീതിയിൽ കർതൃ-ക്രിയാ-കർമ്മങ്ങളില്ല. അഗ്നി ജ്വലിക്കുന്നതുപോലെ, കാറ്റുവീശുന്നതുപോലെ, വെള്ളം വർഷിക്കുന്നതുപോലെ, ഭൂമി താങ്ങുന്നതുപോലെ, പുഴ ഒഴുകുന്നതുപോലെ, ആത്മം നിഷ്ക്രിയമായിനിന്ന്, ഊർദ്ധ്വപ്രാണമായിരുന്ന്, അധോഅപാനമായിരുന്ന്, ചലിക്കുന്ന നാഡീഅന്തരാളത്തിൽ അടിക്കുകയും ക്രന്ദനം ചെയ്യുകയും സ്പന്ദിക്കുകയും ചെയ്യുന്നു. നാലു സംഗതികൾ ഈ സന്ദർഭത്തിൽ ശ്രദ്ധാർഹമായിരിക്കുന്നു. ആത്മം, എന്താണോ ഉള്ളത് അതിൽ നിന്നും വേറിട്ടുള്ള എന്തോ ഒന്നല്ല, എന്താണോ ഉള്ളത്- അതുതന്നെയാണ്. എന്താണോ ഉള്ളത് അത് സ്വന്തം തന്നെ സർഗ്ഗിക താളത്തിലാണെപ്പോഴും. ഈ നൈസർഗ്ഗികതയിൽ ലയിക്കുകയാണ് സായൂജ്യം. വേറൊന്ന് എന്ന ഭാവമില്ലാതെ. അഹംതയുടെ നീക്കങ്ങൾ ഈ നൈസർഗ്ഗികതയ്ക്കെതിരായിട്ടുള്ളതാണ്, അവ ദുഃഖദായകമാണ്, അഹംത പലതാണെങ്കിലും അവയുടെ ഫലസിദ്ധിയും പ്രാരബ്ധവും ഒരേ ഇനമാണ്. കാരണം, അവയെല്ലാം ആത്മത്തിൽ ഉള്ള അധ്യാരോപം മൂലം ഉയരുന്നതാണ്. അഹം എന്നതുതന്നെ ഒരു ബോധരൂപമായതുകൊണ്ടും അഹത്തിന്റെ ദൃഢീകരണമാണ് അഹംത എന്നതുകൊണ്ടും അഹം ബോധസ്വരൂപം തന്നെയായ

ആത്മത്തിന്റെ ബഹിർസ്ഫുരണമാണെന്നതുകൊണ്ടും, അംഹത പലതാകുമ്പോഴും ഒന്നായിരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ഞാൻ അപരരുടെ അഹത്തിലും പ്രതിഫലിക്കുന്നു. എനിക്കുവേണ്ടി ഞാൻ ചെയ്യുന്നതും അപരർക്കുവേണ്ടി ആ ഞാൻ ചെയ്യുന്നതും ഒരേ കാര്യങ്ങൾ തന്നെ. അയാളുടെ സുഖവും എന്റെ ദുഃഖവും ഒരേ ഇനം തന്നെ. ഇങ്ങനെ അറിയുമ്പോൾ ഞാൻ എന്തു ചെയ്യണം? എനിക്കു വേണ്ടതു തന്നെയാണ് അപരർക്കും വേണ്ടത് എന്ന ബോധം ആദ്യം എന്നിൽ, അഹംതയിൽ, ഉണർത്തുന്നത് മത്സരബുദ്ധിയാണ്. അപരർക്കുവേണ്ടത് എനിക്കാണ് കൊടുക്കാൻ കഴി യുകയെന്ന ബോധം എന്നിൽ സ്വയം മതിപ്പും അപരരിൽ പരാശ്രയബോധവും ഉണർത്തും. അല്ലെങ്കിൽ, എന്നിൽ നിന്ന് തനിക്കുവേണ്ടത് ബലാൽക്കാരേണ സമ്പാദിക്കാൻ ഉള്ള ഹിംസാബുദ്ധി അപരരിൽ ഉണരും. അഹംതയിൽ കേന്ദ്രിതമായ ബോധം, അതുകൊണ്ട്, മനുഷ്യർക്കിടയിലുള്ള ബന്ധത്തിൽ സ്വാഭാവികമായ സമരസമോ, സമഭാവനയോ സ്ഥാപിക്കുകയില്ല. ആത്മസുഖത്തിനുവേണ്ടി ഞാൻ ആചരിക്കുന്നത് അപരരുടെ സുഖത്തെ ഹനിക്കുമോ? എന്റെ സുസ്ഥിതിക്കായി ഞാൻ ഏർപ്പെടുന്ന കർമ്മങ്ങളും അവയുടെ അനന്തരഫലങ്ങളും അപരരുടെ സുസ്ഥിതിയെ കെടുത്താമോ? ഇത്തരം ചോദ്യങ്ങൾ, മനുഷ്യർ തമ്മിലുള്ള ഇടപെടലുകളിൽ അന്തർഭവിച്ച ധാർമ്മികതയുടെ പ്രശ്നം ഉയർത്തുന്നു. എല്ലാവരും താന്താങ്ങളുടെ ആത്മസുഖത്തിനുവേണ്ടിയാണ് വർത്തിക്കുന്നത് എന്ന സത്യത്തെ നിഷേധിക്കാതെയാണ് ഗുരു ഈ പ്രശ്നത്തെ നേരിടുന്നത് എന്നത് ചിന്തനീയമാണ്. ഇതരരും തന്നെപ്പോലെ തന്നെ സ്വന്തം സുഖത്തിനുവേണ്ടിയാണ് യത്നിക്കുന്നത് എന്നു അറിയുന്നുവെങ്കിലും തന്റെ പ്രവൃത്തി അപരരുടെ ആ സുഖത്തെ കെടുത്തുന്നതായിക്കൂടാ എന്ന ഉത്തരവാദിത്തം ഒരാൾക്കുണ്ടാവുക അനിവാര്യമോ സ്വാഭാവികമോ അല്ല. മറിച്ച് സന്ദർഭങ്ങളനുസരിച്ച് മറ്റെയാളെ എതിരിയായി കാണാനുള്ള സാധ്യത വളരെയേറെയാണുതാനും. ഞാൻ അദ്വൈതവാദിയായതുകൊണ്ട് പൊടുന്നനെ അപരരോടുള്ള എന്റെ സമീപനം മാറുകയില്ല. അന്യരോട് ഉപാധിയില്ലാത്ത ഉത്തരവാദിത്തം ഉണ്ടാവേണ്ടതിന് എന്നിൽ എന്തൊരു രൂപാന്തരണമാണ് സംഭവിക്കേണ്ടത്? ഇത് വ്യക്തമല്ല. പക്ഷെ സംപൂർണ്ണമായ നിവൃത്തിയാണ് രൂപാന്തരണത്തിന്റെ മുൻവ്യവസ്ഥയെന്നു വ്യക്തമാണ്. ബൗദ്ധസമ്പ്രദായം നിർദ്ദേശിക്കുന്നതും ഗുരു തന്റെ ദർശനമാലയിൽ പരാമർശിക്കുന്നതുമായ നിർവ്വാണമാണ് നിവൃത്തിയുടെ ഒരേയൊരു പരീക്ഷ. ചിത്തവൃത്തിയടക്കം ദുഃഖഹേതുകമായി നിങ്ങളുടെ അന്തഃസ്ഥലത്തിൽ കുടിയേറിയിട്ടുള്ള "സർവ്വവും വിസ്ഫോടകമായ ബഹിർഗ്ഗമനത്തിന്ന് വിധേയമാവുന്നതാണ് നിർവ്വാണം". അത്തരമൊരവസ്ഥയിൽ ഈ ലോകത്തിന്റേത് വർജ്ജ്യമോ, സ്വീകാര്യമോ ആയിരിക്കുകയില്ല. ("ഹേയോപാദേയതാനഹ്യസ്യ....") ഇത്തരമൊരു നിവൃത്തിമാർഗ്ഗമാണ് മനുഷ്യർക്കിടയിലുള്ള ബന്ധം ഉത്തരവാദിത്തപൂർണ്ണമാകാൻ ഗുരുവിന് നിർദ്ദേശിക്കാനുള്ളത് എന്നു കരുതുക വയ്യ. താൻ സ്വയം ഇത് ഉപദേശിക്കുന്നുണ്ടാവാം, തന്നോട് ചേർന്നു നിൽക്കുന്ന സന്യാസികൾക്കും നിർദ്ദേശിക്കുന്നുണ്ടാവാം. അഹം ഉപേക്ഷിക്കാൻ തയ്യാറാവുന്നവരായിരിക്കില്ല സാമാന്യജനം. ബുദ്ധൻ മനുഷ്യലോകത്തിന് മുഴുവനായി നിർദ്ദേശിച്ചതല്ല നിർവ്വാണം. ആ പന്ഥാവ് ചരിക്കാനായി തെരഞ്ഞെടുത്ത ബുദ്ധഭിക്ഷുക്കളുടെ ഒരു സംഘം തന്നെ അദ്ദേഹം ഉണ്ടാക്കി. ലോകർക്കാകട്ടെ സത്ധർമ്മം നിർദ്ദേശിച്ചു, നാലു മടക്കായ സത്യത്തിൽ അധിഷ്ഠിതമായ ധർമ്മം. അതു പരമ്പരാഗതമായ ധർമ്മശാസ്ത്രങ്ങളിൽ നിർദ്ദേശിക്കുന്ന ധർമ്മമല്ല. മനുഷ്യ ജീവിതത്തെക്കുറിച്ചുള്ള സത്യദർശനത്തിന്റെ വെളിച്ചത്തിൽ, ഒരാൾ തന്റെ അന്തഃസ്ഥലത്തെ നിരന്തരം പരിശോധിക്കാൻ തയ്യാറാവുന്നതിലൂടെ ആ ആളുടെ പ്രവൃത്തിയിൽ അന്തരഫലങ്ങളുളവാക്കുന്ന മനോഭാവമാണ്. ബുദ്ധനെപ്പോലെ ഗുരുവും സന്യാസിസംഘമുണ്ടാക്കി; പക്ഷെ ലോകർക്ക് സമഭാവനയെ നിർദ്ദേശിച്ചു. ഗുരുവിന്റെ ധർമ്മവും ശ്രീബുദ്ധന്റേതുപോലെ പരമ്പരാഗത ധർമ്മശാസ്ത്രങ്ങളുടെ ധർമ്മമല്ല. അത്തരം ധർമ്മങ്ങളിൽ പലതിനേയും ചോദ്യം ചെയ്തുകൊണ്ടാണ്, അവയുടെ ആധികാരികത അംഗീകരിക്കാതെയാണ്, അദ്ദേഹം സാധാരണക്കാർക്ക് ധർമ്മോപദേശം നൽകിയത്. യഹൂദദേവാലയങ്ങളിലെ നീതിയെ യേശുക്രിസ്തു നിഷേധിച്ചതിനോടു തുല്യമായ ഒന്നാണ് ഗുരു വ്യവസ്ഥാപിത ഹൈന്ദവപാരമ്പര്യങ്ങളോടു കാണിച്ചത്. സമഭാവനയിൽ ഊന്നിയ ഗുരുവിന്റെ ധർമ്മചിന്ത, ഗുരു അതിസൂക്ഷ്മമായ വ്യത്യാസങ്ങളോടെ പുനരാവിഷ്ക്കരിച്ച ഭാരതീയ പാരമ്പര്യത്തിലെ ആത്മദർശനത്തിൽ അധിഷ്ഠിതമാണ്. ഈ ആത്മദർശനത്തിലൂന്നിക്കൊണ്ട് ധർമ്മമാചരിക്കുകയെന്നതാണ് ഗുരുവിനു ലോകത്തോടു പറയുവാനുണ്ടായിരുന്നത്. അഹം ഉള്ളതുതന്നെ; എന്നാൽ ഏകാത്മന്യായേന അഹത്തിന്റെ ബാഹുല്യത്തിൽ സമത്വമുണ്ട്. അതുകൊണ്ട് എന്റെ പ്രിയം അപരപ്രിയവും. മറ്റൊരാളുടെ പ്രിയാർത്ഥം ചെയ്യുന്നത് തന്റെ പ്രിയാർത്ഥവുമാണെന്നു കരുതുക, മറ്റുള്ളവർക്ക് വിഷമത്തെ, പ്രയാസത്തെ, ഉണ്ടാക്കുന്ന പ്രവൃത്തി ആത്മവിരോധിതമായിരിക്കും എന്ന് ഓർക്കുക. ■

# ശിവനെക്കൊണ്ട് നാരായണഗുരു നടത്തുന്ന മാജിക്ക്

*ഹരിദാസ് വളമംഗലം*





**1930–1940** ലോകമാകെ പ്രചരിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത ഈസ്‌ത്തെറ്റിക്ക്സ് (സൗന്ദര്യാത്മക കലാസമീപനം) ആണ് ലാറ്റിനമേരിക്കൻ സാഹിത്യത്തിലുണ്ടായ മാജിക്കൽ റിയലിസം. അതിന്റെ സുവിശേഷമായി കൊണ്ടാടപ്പെട്ട കൃതിയാണ് മെക്സിക്കൻ എഴുത്തുകാരനായ ഹുവാൻ റുൾഫോവിന്റെ പെഡ്രോപരാമ എന്ന നോവൽ. ഗാർസിയ മാർക്വേസിന്റെ ഏകാന്തതയുടെ നൂറുവർഷം (Hundred years of Solitude) എന്ന നോവൽ മാജിക്കൽ റിയലിസത്തിന്റെ മാന്ത്രിക സ്പർശം കൊണ്ട് ലോകസഹൃദയത്വത്തെയാകെ കീഴടക്കി. ഫാന്റസി (സങ്കല്പം,ഭ്രമണാത്മകത)യും യാഥാർത്ഥ്യവും തമ്മിലുള്ള അവിഭാജ്യത യാണതിന്റെ മുഖമുദ്രയെന്നു പറയാം. ഇന്ന് ആധുനികമെന്നു പറയുന്ന അതിന്റെ വിത്ത് ഒരു നൂറ്റാണ്ടുമുമ്പ് നാരായണഗുരു തന്റെ കവിതകളിലും പ്രവൃത്തികളിലും പാകിയിരുന്നു എന്നു പറഞ്ഞാൽ നമ്മുടെ സാഹിത്യ നിരൂപകന്മാരും പണ്ഡിതന്മാരും കണ്ണുരുട്ടിയേക്കാം.

ഗുരുവിന്റെ കൃതികളെ കവിതയോ സാഹിത്യമോ ആയി സാഹിത്യ നിരൂപകർ കണ്ടില്ല. ദേവീ ദേവന്മാ രെക്കുറിച്ചുള്ള സ്തോത്രങ്ങളും വേദാന്ത ചിന്തകളുമാണവയെന്നവർ കരുതി. എന്നാലതു മാത്രമല്ല, കവിതയുടെയും ഭാവനയുടെയും ഒരപാര ലാവണ്യ ലോകവുമതിലുണ്ടെന്ന് പറഞ്ഞുകൊടുക്കാനാരുമുണ്ടായില്ല. അദ്ധ്യാത്മികതയും ഭക്തിയും തത്വചിന്തയും പറഞ്ഞ് ഗുരു സ്വരൂപിച്ചു വച്ച സാംസ്ക്കാരിക മൂലധനത്തിന്റെ സകല വികാസ സാദ്ധ്യതകളും ഇല്ലാതാക്കി. എങ്കിലും വായനയ്ക്ക് അയിത്തം കൽപ്പിക്കാത്ത ചിലർ ഗുരു ഒരു വലിയ കവി കൂടിയാണെന്ന് കണ്ടെത്തി. സുകുമാർ അഴീക്കോടും എം.കെ. സാനുവും കെ.ജി.ശങ്കരപ്പിള്ളയും ബാലചന്ദ്രൻ ചുള്ളിക്കാടും സച്ചിദാനന്ദനും ഒക്കെ അവരിൽ ചിലരാണ്. ഗുരുവിലെ കവിയെ തിരിച്ചറിഞ്ഞ വേറേയും സഹൃദ യരുണ്ട്. “അധിക വിശാല മരുപ്രദേശ മൊന്നായ് നദി പെരുകുന്നതുപോലെ..” എന്ന (ആത്മോപദേശ ശതകം ശ്ലോകം 16) ശ്ലോകത്തിലെ ഭാവനയുടെ അപൂർവ്വത യെക്കുറിച്ച് മലയാളം വാരികയിലെഴുതിയ എസ്. ഗോപാലകൃഷ്ണനെ ഞാനിവിടെ ഓർക്കുന്നു. സ്വാമിമാരും പണ്ഡിതന്മാ രും യോഗവിദ്യയുടെ സാങ്കേതികത പറഞ്ഞാണ് ആ ശ്ലോകത്തെ കൈകാര്യം ചെയ്തിട്ടുള്ളത്.

ഗുരു ശിവനെക്കൊണ്ട് നടത്തിയിട്ടുള്ള മാജിക്ക് നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. ഗുരുവിന് ശിവൻ ആരാണെന്ന ചിന്തയും അതുളവാക്കും.

ചരിത്ര പ്രസിദ്ധമായ അരുവിപ്പുറത്ത് നെയ്യാറിൽ ഒഴുകിയടിഞ്ഞ ഒരു ശില(കല്ല്) യായി ഗുരുവിന് ശിവൻ. ശില്പി കൊത്തി രൂപപ്പെടുത്തിയെടുക്കുന്നതല്ല, വെറും ശിലയാണ് ശിവലിംഗമെന്ന് പിൽക്കാലത്ത് ഒരു പ്രമാണമെന്ന നിലയിൽ ഗുരു രേഖപ്പെടുത്തുകയും ചെയ്തു (ശിലൈവ ശിവലിംഗം നഃ ശില്പിനാകൃതം-ദർശനമാല). അതൊരു വെറും വാക്കാണോ? ശില(കല്ല്)യ്ക്ക് ലാളനകളു ടേയും യാതനകളുടേയും സുദീർഘമായ ഒരു കഥയുണ്ട്.

എല്ലാ ശിലകളും ഏതെങ്കിലും മലമുകളിൽ നിന്നാണ് പൊട്ടിത്തെറിച്ച് താഴേക്കു വരുന്നത്. അതവിടെ കിടന്ന് വെയിലും മഴയുമേറ്റ് പൊടിഞ്ഞ് മണ്ണായി മാറിയെന്നു വരാം. അല്ലെങ്കിലത് മലയടിവാരത്തിലൂടെയൊഴുകുന്ന വല്ല

ഉറവകളിലോ നദികളിലോ വീണ് ഒഴുകി യുടഞ്ഞും പൊട്ടിയും കുറെക്കാലം കിടക്കും. കാലാന്തരത്തിൽ ഒഴുക്കിന്റെ ആഘാതത്തിലും ഘർഷണങ്ങളിലും പെട്ടത് പൊടിഞ്ഞു മണ്ണായി തിട്ടകളി ലടിയുന്നു. അവസാനം മണ്ണായി മാറു കയല്ലാതെ ശിലയ്ക്ക് വേറെ വിധിയില്ല. ലോകത്തിലെ എല്ലാ ജന സംസ്ക്കൃതി കളുടെയും ചരിത്ര ജീവിതം വളർന്ന് വന്നത് നദീതടങ്ങളിലെ മൺ തിട്ടകളി ലാണെന്നു കാണാം. ശിലയുടെ ഈ ജീവിതത്തെ പ്രതീകമാക്കിയാകാം ഗുരു അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി യത്. ശിവ ശബ്ദത്തിന് ജീവനെന്നും അർത്ഥമുണ്ട്. മഹാമതികളുടെ വാക്കുകളിലും പ്രവർത്തികളിലും സ്വഭാവികമായി പ്രതീകാത്മകത കടന്നു വരുന്നു.

പച്ചപ്പും ജീവനും പൂക്കളും പൂമ്പാറ്റ കളുമൊക്കെ ഉണ്ടായത് ശില പൊടിഞ്ഞ മണ്ണിൽ നിന്നാണ്. അപ്രകാരം അരുവി പ്പുറത്തെ ശിവ ശിലാ പ്രതിഷ്ഠയെ ഉർവ്വരത- Fertiltiy- യുടെയും സംസ്കൃതികളുടെയും പ്രതീകമായി കാണാം. ലോകത്തിലെ പല ജനവിഭാ ഗങ്ങളുടെ ഇടയിലും ലിംഗാരാധന നിലവിലുള്ളതായി പറയുന്നു. ലിംഗാര ധനയെക്കുറിച്ച് നടന്നിട്ടുള്ള പഠനങ്ങളിൽ അത് കാർഷിക സംസ്ക്കാരത്തിൽ നിന്നു വന്നതാണെന്നും സൃഷ്ടിയുടെയും ഫലഭൂയിഷ്ഠതയുടെയും ബിംബമാ ണതെന്നും പലരും പറഞ്ഞിട്ടുള്ളതാണ്. പക്ഷേ അരുവിപ്പുറത്ത് ശിവ ശിലാപ്രതി ഷ്ഠയെ നിർവ്വചിച്ചുകൊണ്ട് ഒരു ശ്ലോക പ്രതിഷ്ഠ കൂടി ഗുരു നിർവ്വഹിച്ചു. ആ ശ്ലോക പ്രതിഷ്ഠയിൽ ദൈവം വരുന്നില്ല. ഒരു തരത്തിലുള്ള വിഭാഗീയതകളു മില്ലാതെ മനുഷ്യരെല്ലാം സോദരത്വേന കഴിയുന്ന വാഴ്‌വിനെക്കുറിച്ചുള്ള ഒരു മഹാസ്വപ്നമേ അതിലുള്ളൂ. ശിലാ പ്രതിഷ്ഠയ്ക്കും ശ്ലോക പ്രതിഷ്ഠയ്ക്കും തമ്മിൽ പങ്കിടാനൊന്നുമില്ല, രണ്ടും രണ്ടാണെന്നാണോ കരുതേണ്ടത്? അങ്ങനെയാവാൻ തരമില്ല. രണ്ടും ഒന്നിലേക്കാണ് വിരൽ ചൂണ്ടുന്നത്. സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും ഒരു പുതിയ പുലരിയിലേക്ക്. ശ്ലോകപ്ര തിഷ്ഠയുടെ അന്യാപദേശ രൂപേ ണയുള്ള – Allegorical - ഇൻസ്റ്റലേഷനാണ് അരുവിപ്പുറത്തെ ശിവശിലാ പ്രതിഷ്ഠയെന്ന് ഒരു ശില്പിതന്റെ പ്രഭാഷണത്തിൽ പറയുന്നത് കേട്ടു. ലോകത്തിൽ തന്നെ ആദ്യത്തെ ഇൻസ്റ്റലേഷൻ വർക്കാണത്രേ അരുവിപ്പുറത്തെ പ്രതിഷ്ഠ. ഇൻസ്റ്റലേഷൻ വർക്ക് എന്ന് പറയുന്നത് പുതിയ ഒരു ആർട്ട് വർക്കാണ്. ഒരാശയം സൃഷ്ടിക്കുന്ന തരത്തിൽ ലഭ്യമായ വസ്തുവിനെ വിന്യസിക്കലാണത്. കൊച്ചി ബിനാലെയിൽ കേരളത്തിലെ ആദ്യത്തെ ഇൻസ്റ്റലേഷൻ വർക്ക് എന്ന നിലയിൽ അരുവിപ്പുറം പ്രതിഷ്ഠയെ ഒരു പ്രദർശനമായി ഒരുക്കാനുള്ള ചരിത്രബോധമോ ഭാവനയോ നമ്മുടെ കലാകാരന്മാർക്ക് ഇല്ലാതെ പോയതിൽ ഖേദിക്കുന്നു.

തൃശൂർ ചിദംബര (ചിദംബരൻ ശിവൻ. ചിത്താകുന്ന അംബരത്തിൽ വിളയാ ടുന്നവനെന്നർത്ഥം. ചിത്ത്= മനസ്സ്. അംബരം = ആകാശം) ക്ഷേത്രത്തിൽ ഗുരുവിന് ശിവൻ ഒരു വിളക്കായി. തിരുവനന്തപുരത്ത് കാളകണ്ഠേശ്വര (കാള കണ്ഠേശ്വരൻ ശിവൻ- കണ്ഠത്തിൽ കാളകൂട വിഷത്തിന്റെ നീലനിറമുള്ളവനെന്നർത്ഥം) ക്ഷേത്ര ത്തിൽ ശിവൻ സത്യം, ധർമ്മം, ദയ എന്നെഴുതിയ ഫലകമായി. ചേർത്തല കളവങ്കോടത്ത് അർദ്ധനാരീശ്വര (ഒരിക്കലും പിരിയാതിരിക്കാനായി പ്രണയം കൊണ്ട് പാർവ്വതിക്ക് പകുതി ശരീരം പകുത്തു കൊടുത്ത ശിവൻ എന്നർത്ഥം) ക്ഷേത്രത്തിൽ ശിവൻ ഒരു കണ്ണാടിയായി. ആ കണ്ണാടിയുടെ മുകൾ ഭാഗത്ത് ഓം എന്നെഴുതിയിട്ടുണ്ട്. അതിനുപിന്നിലൊരു കഥയുണ്ട്. എറണാകുളത്ത് നിന്ന് കണ്ണാടി മേടിച്ചു കൊണ്ടു വന്നപ്പോൾ ഗുരു പറഞ്ഞു: "കൊള്ളാം നല്ല കണ്ണാടി അതിന്റെ മുകളിൽ രസം ചുരണ്ടി ഓം എന്നെഴുതി ക്കോളൂ." പ്രതിഷ്ഠ വേണ്ടെന്നും വേണമെന്നും പറഞ്ഞ് ഇടഞ്ഞു നിൽക്കുന്ന ചെറുപ്പക്കാരായ ഉല്പതി ഷ്ണുക്കളെയും (കെ.സി. കുട്ടന്റെ നേതൃത്വത്തിലുള്ള സംഘം) യാഥാസ്ഥിതികരായ പ്രായം ചെന്നവ രെയും യോജിപ്പിക്കുക എന്ന ദൗത്യമാണ്





ഗുരു ഇതിലൂടെ നിർവ്വഹിച്ചത്. പക്ഷേ രസം ചുരണ്ടി എഴുതിയ ആളിനു തെറ്റി. ദീർഘമിട്ടില്ല. ഓം എന്നായി പ്പോയി. അപ്പോൾ ക്ഷേത്രം ഭാരവാഹികൾ വേറെ കണ്ണാടി മേടിക്കാൻ പോകൊനൊരുങ്ങി. ഇതറിഞ്ഞ ഗുരു പറഞ്ഞു: "അതുമതി. ഓം ഉം ശരിയാണ്." ഏതെങ്കിലും വൈദികമുഖ്യനിന്ന് സമ്മതിച്ചു തരുമോ ഓം നു പകരം ഒം ഉം ശരിയാണെന്ന്?
വർക്കല പ്ലാവിഴകം ദേവീക്ഷേത്രത്തിൽ ദേവി വിഗ്രഹത്തിനു പകരം ഒരു കലമാൻ കൊമ്പാണ് ഗുരു പ്രതിഷ്ഠിച്ചത്. അവിടെ ദേവി കലമാൻ കൊമ്പായാ ണ് ഇരിക്കുന്നത്. പാച്ചല്ലൂർ ഭദ്രകാളി ക്ഷേത്രത്തിൽ ഭദ്രകാളി ഒരു ചിലമ്പായി. സാധാരണക്കാരുടെ മനസ്സിൽ രൗദ്രഭാവം പൂണ്ടു നിൽക്കുന്ന ഭദ്രകാളിയെ ഒരു ന ർത്തകിയാക്കി.

ശിവനെയും സുബ്രഹ്മണ്യനെയും ദേവിയെയും ഗണപ തിയെയും ബിംബങ്ങളാക്കി ഗുരു കുറെ കവിത കളെഴുതിയിട്ടുണ്ട്. കൂടുതലും ശിവനെക്കുറിച്ചാണ്. പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും വിലാസഭാ വങ്ങളെന്ന നിലയ്ക്കാണ് ഗുരു ഈ രൂപങ്ങളെയെല്ലാം സൃഷ്ടിച്ചിട്ടുള്ളത്. വിനായകാഷ്ടകത്തിന്റെ പഠനത്തിൽ നിത്യചൈതന്യയതി ഇക്കാര്യം നിരീക്ഷിക്കുന്നുണ്ട്. വിചിത്രമായ മറ്റൊരു കാര്യം, ശിവനാണല്ലോ തലയിൽ ജടയും ചന്ദ്രക്കലയും ഗംഗയാറും കഴുത്തിലും കയ്യിലും സർപ്പാലങ്കാരങ്ങളുമുള്ളത്. ഗുരു പക്ഷേ ഇതെല്ലാം ഗണപതിക്കും സുബ്രഹ്മണ്യനും കാളിക്കും ദേവിക്കുമൊക്കെ ചാർത്തിക്കൊടുത്തിട്ടുണ്ട്. മിഥോളജിയിലെ കഥാപാത്രങ്ങളെ വച്ച് ഇങ്ങനെയൊരു മാജിക്ക് മറ്റൊരു കവിയും നടത്തിയതായി രേഖകളില്ല. ഗണപതിക്കും സുബ്രഹ്മണ്യനും കാളിക്കുമൊക്കെ രത്നഖചിതമായ സ്വർണ്ണക്കിരീടമാണ് പുരാണങ്ങൾ പറഞ്ഞിരിക്കുന്നത്. ഗുരു പക്ഷേ ഇവർക്കാർക്കും സ്വർണ്ണക്കിരീടം കൊടുത്തില്ല. ഇതിന്റെയൊക്കെ അർത്ഥാന്വേഷണം നടത്തുക എന്നത് വലിയൊരുവർക്കാണ്. പ്രതീകങ്ങളെക്കുറിച്ചും ഇമേജുകളെക്കുറിച്ചും നടന്നിട്ടുള്ള പഠനങ്ങൾ വായിക്കണം. ശൈവസാഹിത്യത്തെക്കുറിച്ച് ആഴത്തിലറിയണം. ഭാരതീയ പുരാണങ്ങളെപ്പറ്റി പഠിക്കണം. അതിന് ബുദ്ധിയും ഭാവനയുമുള്ള സമർപ്പിത ചേതസ്സുകളായ ആളുകൾ വരണം. ഗുരു സമാധിയായിട്ട് 90 വർഷമേ ആയിട്ടുള്ളൂ. ആരെങ്കിലും വരും എന്ന് പ്രതീക്ഷിക്കാം. അവർക്കൊരു ചൂണ്ടുപലകയാവട്ടെ ഈ കുറിപ്പ്. ■



Best Compliments from

**Sagar, Prasanna, Nidhin & Arjun**

New York

# നാരായണീയം

*മംഗള കാരാട്ടുപറമ്പിൽ*



*സ്കൂൾ അധ്യാപിക, ത്രിശ്ശൂർ ഇരിഞ്ഞാലക്കുട കരാഞ്ചിറയിൽ താമസിക്കുന്നു.*

*(ഗുരുവിന്റെ അരുവിപ്പുറത്തെ ശിലാപ്രതിഷ്ഠയുടെ കാവ്യാത്മകമായ ഒരു സുവിശേഷം രചിക്കുന്നു ലേഖിക).*



ആ ദിനം കാലദേശാതിവർത്തിയായ ഒരു ചരിത്രം രചിച്ചു.
ഒരു നിമിഷം നിർന്നിമേഷമായി
ആനന്ദനിർഭരമായൊന്ന് നോക്കി.
കരിങ്കല്ലിന്റെ ചെറുതല്ലാത്ത ഒരു ചീള്.
പക്ഷെ......
ആ ശിലയ്ക്ക് അപ്പുറവും ഇപ്പുറവുമായി
കാലം രണ്ടായി.
അപ്പുറത്തു കിടന്ന കാലം
അന്ധകാരത്തിന്റെ കടലലകളുടെ
ഹുങ്കാരവത്തോടെ മുരണ്ടു പിൻവാങ്ങിയിരിക്കുന്നു.
ഇരുട്ടടഞ്ഞു കിടന്ന കാരാഗൃഹത്തിന്റെ
ശ്വാസംമുട്ടലും ദാരുണതയുമൊക്കെ
ഉള്ളിലേക്ക് വലിഞ്ഞുപോയി
നിസ്സഹായതയോടെ ഇല്ലാതായിരിക്കുന്നു.
അരുവിപ്പുറത്ത് പ്രഭാവലയത്തോടെ
ഒരു കല്ല് ശോഭനമായ കാലത്തിലേക്ക്
മുഖമുയർത്തിയതോടെ,
നെയ്യാർ മണ്ണിനെ നിശബ്ദം ചുംബിച്ചു.
ഒന്നുകൂടെ പുണർന്ന്‌വീണ്ടുമൊഴുകി.
നെയ്യാറായിരുന്നു അത്രയും കാലം
ആ ശില ഹൃദയത്തിൽ സൂക്ഷിച്ചത്.
ശങ്കരൻകയത്തിൽ നിന്നും ആ ശില
കവരപ്പെടാതിരിക്കാൻ,
ചുഴികൂട്ടി എല്ലാവരേയും നെയ്യാർ
ഭയപ്പെടുത്തി.
ചെറിയൊരു കൂട്ടത്തിന്റെ വലിയൊരു
കൂട്ടത്തിനു മേലുള്ള ഇക്കണ്ട ദുഷ്കൃതങ്ങൾക്കും അഹന്തക്കും സാക്ഷിയാകുമ്പോഴും ആ വലിയൊരു കൂട്ടത്തിന്റെ
കണ്ണീർ പ്രവാഹം തന്നിലേക്ക്
ചേർക്കുമ്പോഴും നെയ്യാറിനറിയാമായിരുന്നു, ഇതൊക്കെ അവസാനിപ്പിക്കാനൊരു
സൂര്യൻ ഉദിക്കുമെന്ന് നെയ്യാറിന്റെ
തെളിനീരിന്റെ ഉൾത്തടത്തിൽ
ആ ശില ഭദ്രമായി പവിത്രമായി
ആ സൂര്യന്റെ വരവിന്റെ
ദിവ്യമുഹൂർത്തം കാത്തുകിടന്നു.
കാലത്തിന്റെ സന്ധിയുടെ
ആ ശിലയും ജലവും തപസ്സിലായിരുന്നു.
ഒരു സർവപ്രഭാവിയായ പുരുഷന്റെ
സ്പർശനത്തിനായി, ഇരുളടഞ്ഞ ഒരു
കാലത്തിനു മേലെയുള്ള സൂര്യോദയം
അനുഭവവേദ്യമാകുന്നതിനായി
മലകൾക്കിടയിലൂടൊഴുകുന്ന
നെയ്യാറിന്റെ കരയിലുള്ള വനത്തിലൂടെ
ഒരു തേജസ്സ് ആൾരൂപം പൂണ്ടു
നടക്കുന്നത് പലരും കണ്ടിട്ടുണ്ട്.
പലപ്പോഴും അത് പ്രാണൻ നിലനിർത്തിയിരുന്നത് നെയ്യാറിലെ തെളിനീരിലാണ്.
മരത്തിന്റെ തളിരുകളിലും.
തളിരുകളെ അതുമൃദുവാക്കാനും
സ്വാദിഷ്ടമാക്കാനും സസ്യങ്ങൾ
ആവുന്നത്ര ശ്രമിച്ചു. ആ നീരേറ്റവും
അതിശുദ്ധമാകാൻ ഉറവ ഗതിയൊന്നു
മാറ്റിയിരുന്നു.
ആ ആൾരൂപമാണ് ശിലയെ ശിലയോട്
ചേർത്തത്.
അഷ്ടബന്ധമില്ലാതെ ശില ശിലയോട് ചേർന്നു.
പരാത്മ ചൈതന്യം തന്നെ പ്രകാശ
രൂപേണ അഷ്ടബന്ധമായി.
ആ സുകൃത നിമിഷത്തിൽ നദീജലം
സുവർണ്ണനിറമാർന്നിരുന്നു.
ആകാശത്ത് നിന്ന് അദൃശ്യമായ പുഷ്പവൃഷ്ടി നടന്നു.
ദേവവാദ്യങ്ങളിൽ നിന്നുയർന്ന നാദം
നാടിന്റെ സിരകളിലൂടെ പാഞ്ഞു.
ഒരു ജനതയുടെ നൂറ്റാണ്ടുകൾ നീണ്ട
യാതനാപർവം തീരുകയായിരുന്നു.
അജ്ഞതയുടെയും അയിത്തത്തിന്റെയും
വിഷം കലർന്ന് സ്തംഭിതമായ
വായുവും പ്രകൃതിയും അതിന്റെ
സ്വാ ഭാവികമായ നിലയെ വീണ്ടെടുത്ത്
നിഷ്ക്രിയത്വം വെടിഞ്ഞു.
സക്രിയത്വത്തിലേക്ക് ചലനാൽമകമായി
തുടർന്ന് വന്ന കാലം ദേശത്തിൽ
പുരണ്ടു കിടന്ന മാറാലക്കെട്ടുകളെ
തൂത്തു കളഞ്ഞു. പ്രതിഷ്ഠാസമയത്ത്
ഗുരുവിൽ നിന്നും ഒഴുകിയ കണ്ണീർ
കൂടി നിന്നവരുടെ കണ്ണിലൂടെയും ഒഴുകി.
അതിൽ കുളിച്ചു ശുദ്ധി വരുത്തിയ കാലവും

പിന്നീടണഞ്ഞ സമൃദ്ധിയുടെ
സമത്വത്തിന്റെ രത്നചിഹ്നങ്ങൾ
ശേഖരിച്ചെടുത്തത്
ആ ശിലയിൽ നിന്നും പൊഴിഞ്ഞ
സുവർണ ജ്ഞാനത്തിൽ നിന്നാണ്
കാരാഗൃഹം തുറന്നതറിഞ്ഞ് അജ്ഞത
യുടെ ഉടയാളർ ചോദ്യം ചെയ്യാനെത്തി
അവർക്കത് ചെയ്യാതെവയ്യ
കാർമേഘങ്ങളൊഴിഞ്ഞു
കടന്നുവന്ന വെളിച്ചത്തെ
ചോദ്യം ചെയ്യാൻ ആർക്കാണു
കഴിയുക? അധികാരപ്രമത്തതയോട്
ഗുരുവിന്റെ സൗമ്യമായ മൊഴി–
കാലങ്ങൾക്ക് മുൻപ് ദേവാലയത്തിനു
ള്ളിൽ വെച്ചു ജീസസ് കയ്യിലെടുത്ത
ചാട്ടവാറായിരുന്നു. ഗുരു മൊഴിഞ്ഞത്
അത്രക്കും സൗമ്യമായിട്ടായിരുന്നു.
'നാം നമ്മുടെ ശിവനെ പ്രതിഷ്ഠിച്ചു.'
എത്ര ലളിതമായ വാക്കുകൾ!
പക്ഷെ അതിൽ നൂറ്റാണ്ടുകളെ പിളർ
ത്താനുള്ള വിസ്ഫോടകശേഷി
ഉൾക്കൊണ്ടിരുന്നു ആ വാക്കുകൾക്ക്
ഈ അർത്ഥമേ ഉള്ളൂ ചോദ്യം
ചെയ്യലുകളുടെ കാലം കഴിഞ്ഞു. ഇനി
പടിയിറങ്ങിക്കൊള്ളൂ എന്ന്...
ഇരുണ്ടു പോയിരുന്ന സൂര്യൻ
അരുണനിറം വീണ്ടെടുത്തു.
ഗുരു ഉഴുതിട്ട മണ്ണിൽ മുളപൊട്ടിയ
തൊഴിലാളി വീര്യം ജന്മിത്തത്തെ
തകർത്തെറിഞ്ഞു,
ഇല്ലാതായി പോയ ജന്മിത്തത്തിന്റെ
ദീനരോദനങ്ങൾ ഇപ്പോഴും ഇവിടെയുണ്ട്.
ഗതിയില്ലാതെ അലഞ്ഞ ജന്മിത്തത്തിന്റെ
ദീനമുഖം സഹതാപത്തോടെയാണ്
നമ്മൾ കണ്ടത്, കേരളം വിട്ടു പുറം
നാട്ടിലേക്കിറങ്ങി നോക്കിയാൽ,
അവിടത്തെ മനുഷ്യരുടെ.... അവരിലെ
ഉയർന്നവരുടെയും താഴ്ന്നവരുടെയും
ജീവിതരീതി കണ്ടാലറിയാം, ഗുരു
കേരളത്തിലെന്താണ് ചെയ്തിട്ടുള്ളതെന്ന്,
സവർണത ഇപ്പോഴും തലപൊക്കു
ന്നുണ്ടാകും.
കേരളത്തിലെ ഒരു പുൽക്കൊടി
പോലും അത് കണ്ടനങ്ങുന്നില്ല.
ഒറ്റക്കും തെറ്റക്കും നടക്കുന്ന
സംഭവങ്ങളെപർവതീകരിക്കാതി
രുന്നാൽ ഇതാണ് യാഥാർത്ഥ്യം.
ക്ഷേത്രങ്ങൾ കൊണ്ട് ഗുരു ഉദ്ദേശിച്ചത്
വെറുമൊരു വിഗ്രഹ പ്രതിഷ്ഠയല്ല,
ജനങ്ങൾ ശുചിയായി നടക്കാൻ
തുടങ്ങുമ്പോൾ അയിത്തം
ഒഴിഞ്ഞുതുടങ്ങുമെന്നും പാവപ്പെട്ട
ജനങ്ങളെ അജ്ഞാനത്തിൽനിന്നും
വിജ്ഞാനത്തിലേക്ക് നയിച്ചാൽ
അതിലൂടെ അവർ പരിവർത്തനത്തിന്റെ
പുതിയ പാത വെട്ടിക്കൊള്ളുമെന്നും
തൊഴിൽ പരിശീലനത്തിലൂടെ അവ
രുടെ പട്ടിണി മാറുമെന്നും ഗുരുവിന
റിയാമായിരുന്നു.ക്ഷേത്രങ്ങളെയോ
സംസ്കൃതപഠനത്തെയോ
വൈദിക സംസ്കാരത്തെയോപാടെ
നിഷേധിക്കാതെ തന്റേതായ
സംസ്ക്കരണപ്രക്രിയയിലൂടെ ഗുരു
ഉപയോഗിച്ചതും അതുതന്നെയാണ്.
പിന്നെന്തിനാണ് ഇതൊക്കെ എന്നു
ചോദിച്ചാൽ പട്ടിണി ശരീരത്തിന് മാത്രമല്ല
മനസ്സിനുമുണ്ട്. അതിനു ശുദ്ധീകരണ
ത്തിന്റെ നീണ്ട പ്രക്രിയയിലൂടെ
കടന്നുപോകേണ്ടതുണ്ട്. ശുദ്ധീകരിക്കുക
എന്നാൽ ഒഴിവാക്കി എടുക്കുക
എന്നത് തന്നെയാണ്. കാലങ്ങൾ
കൊണ്ടും ജന്മങ്ങൾ കൊണ്ടും ശേഖരിച്ചു
വെച്ച എന്തിനേയും ഒഴിവാക്കുക.
ഒഴിഞ്ഞു കിടക്കുന്നിടത്ത് മാത്രം തെളി
യുന്നതാണ് സൂക്ഷ്മം. അത് അറി
യാൻ പല ഘട്ടങ്ങളുണ്ട്. സമഗ്രമായ
മാറ്റത്തിനുള്ള ബുദ്ധിപൂർവമായ
കർമ്മശ്രേണി തന്നെയാണ് ഗുരു
അതിനായി ഒരുക്കിയത്. കാലത്തേയും
ദേശത്തേയും മനുഷ്യനേയും
ഒന്നായികണ്ട് ഒരുക്കിയ പദ്ധതികൾ.
അന്നത്തെ കാലം അതായിരുന്നല്ലോ,
ഒപ്പത്തിനൊപ്പം നിൽക്കണമെങ്കിൽ
സംസ്ക്കരിക്കപ്പെടുക തന്നെ
വേണമായിരുന്നു.ഇതൊന്നും ഏതെ
ങ്കിലുമൊരു വംശത്തെയോ ഗോത്ര
ത്തെയോ നിലനിർത്താനായിരുന്നില്ല
മറിച്ച് നിലനിൽക്കുന്ന വ്യവസ്ഥിതിക്കു
തന്നെ സമൂലമാറ്റം വരുത്താനായിരുന്നു.
ഒരു ഘട്ടത്തിൽ ആരാധന ആവശ്യമി
ല്ലാതെ വന്നാൽ അമ്പലങ്ങൾ
കെട്ടിടത്തിന്റെ ഗുണം ചെയ്യും എന്നാണു
ഗുരു പറഞ്ഞത്. അത്ര പ്രാധാന്യമേ
ഇതിനൊക്കെയും കൊടുത്തിട്ടുമുള്ളു.
ആ കാലഘട്ടം അതാവശ്യപ്പെട്ടു.
ഇരുട്ടടച്ചുകിടക്കുന്ന അമ്പലങ്ങളല്ല
വിശാലമായ ഹാളുകളോടെ അത്
വേണമെന്നാണ് ഗുരു പറഞ്ഞത്.
പ്രസംഗിക്കാനും കേൾക്കാനും
നല്ലത് അതാണല്ലോ. ഇടുങ്ങിയ
ഇടങ്ങളേക്കാൾ വിശാലമായ
ഇടങ്ങൾക്കാണ് ഉള്ളിലെ ധ്യാനത്തെ
പുറത്തു കൊണ്ടുവരാനാവുക. പ
ിന്നീട് പിന്നീട് ഗുരു ക്ഷേത്രനിർമ്മാ
ണത്തിൽ വിമുഖതകാണിച്ചു. വിഗ്രഹ
പ്രതിഷ്ഠകൾക്ക് പകരം വാക്കും
കണ്ണാടിയും വെളിച്ചമായി. വാക്കുകൾക്ക്
പലതും ചെയ്യാനുണ്ട്. ഉച്ചാരണത്തിൽ
അർത്ഥത്തിൽ അതിന്റെ പ്രയോഗത
ലത്തിൽ ഒക്കെ കൊടുക്കുന്ന ശ്രദ്ധയാണ്
ജീവിതത്തിലേക്കും ജീവനിലേക്കും
തിരിയുന്നത്. ആ ശ്രദ്ധയാണ്
പരിവർത്തനത്തിലേക്കുള്ള ഊർജ്ജ
സ്രോതസ്സായി വർത്തിക്കുന്നത്.
ശബ്ദമാണ് മഹാമൗനത്തിൽ
വിലയിക്കും വരേയ്ക്കുള്ള പന്ഥാവ്.
കണ്ണാടി പ്രതിഷ്ഠിച്ചു ഗുരു സ്വയം
കാണാൻ ആവശ്യപ്പെടുകയായിരുന്നു.
ബാഹ്യരൂപത്തെയാകില്ല,
ആന്തരികതയെ. അവിടെയാണ്
നേരത്തെ പറഞ്ഞ ശുദ്ധീകരണവും
നവീകരണവും നടക്കേണ്ടത്.
പൂർണ്ണനായ മനുഷ്യനും ദൈവവും
തമ്മിൽ ഒരു മാറ്റവുമില്ലെന്ന് പറയാതെ
പറയുകയായിരുന്നു ഗുരു.
ഗുരു ദീപം പ്രതിഷ്ഠിച്ചപ്പോൾ മൂന്നു
കവരകൾ ഒരു കവരയിലേക്ക്
ചേരുന്ന രൂപമുള്ള വിളക്കിലാണ്
നാളം തെളിയിച്ചത്. വെറുതെ ഒരു
വെളിച്ചം എന്നാകില്ല, ത്രിപുടി
മുടിഞ്ഞു തെളിഞ്ഞിടുന്ന ദീപം
എന്നു തന്നെയാണ്. വേറിട്ട്
കാണപ്പെടുന്നതെല്ലാം ഒന്നിൽ നിന്നും
വന്നതും ഒന്നിലേക്ക് ചേരുന്നതുമാണ് എന്ന്.
ഗുരുവിന്റെ കർമ്മങ്ങൾ വളരെ ലളിത
മെന്നു തോന്നിയാലും അസാധാ
രണമായ തലങ്ങളുള്ളവയാണ്. അന്തമായ
അന്വേഷണത്തിന്റെ ആകാശവഴികൾ
ഭൂമിയിൽ നിന്നു കാണിച്ചു തന്നതാണ്.

"ആരായുകിലന്ധത്വ
മൊഴിച്ചാദിമഹസ്സിൻ
നേരാംവഴി കാട്ടും ഗുരുവല്ലോ
പരദൈവം."

കേരളം ഒരിക്കലും
ഉൾക്കൊണ്ടിട്ടില്ലാത്ത
വൈഖരിയുടെ നിധികുംഭം
അന്വേഷിച്ചു വരുന്നവരെ
കാത്ത് ഇവിടെയുണ്ട്.
അന്വേഷിച്ചെത്തുമായിരിക്കും
ആരെങ്കിലും
വളരെ കുറച്ചു പേർ മാത്രമേ അത്
തുറന്നിട്ടുള്ളൂ.
ആ അക്ഷയഖനി ഇവിടെ മൂടപ്പെടാതെ
തുറന്നിരിപ്പുണ്ട്. ■

# പലമതസാരവുമേകം

***ഷൗക്കത്ത്***



*ത്രിശ്ശൂർ ജില്ലയിലെ പാലുവായ് ഗ്രാമത്തിൽ ജനനം. പിതാവ് കുഞ്ഞിബാപ്പു, മാതാവ് ഫാത്തിമ. മത വിശ്വാസത്തിൽ നിന്നും യുക്തിവാദത്തിലേക്കും അവിടെനിന്ന് അവധൂതന്മാരുടെയും സൂഫികളുടെയും സാന്നിദ്ധ്യങ്ങളിലേക്കുമുള്ള യാത്രയ്ക്കൊടുവിൽ ഗുരു നിത്യയുടെ അടുത്തെത്തി. യതിശിഷ്യനായി അദ്ദേഹത്തിന്റെ മരണംവരെ ഫേൺഹില്ലിൽ കഴിഞ്ഞു. ഇപ്പോൾ കൊയമ്പത്തൂരിനടുത്തുള്ള കാരമടയിൽ താമസം.*




നിത്യചൈതന്യയതിയുടെ സഹചാരിയായിരുന്ന, ഒരവധൂതനെ പോലെ സഞ്ചാരിയായി അലയുന്ന ലേഖകൻ ഗുരുവിന്റെ ഉള്ളകങ്ങളിലേക്ക് നടത്തുന്ന സഞ്ചാരമാണ് ഈ ലേഖനം.

മനുഷ്യൻ സങ്കീർണ്ണമായ ഒരു ജീവിയാണ്. ഓരോ കാലത്തും ഓരോ ദേശത്തും ഉണ്ടായ ജീവിതരീതികളും വിശ്വാസപ്രമാണങ്ങളും തികച്ചും വൈരുദ്ധ്യമെന്നു തോന്നുംവിധം വ്യത്യസ്തവുമാണ്. ഇത് എന്നും ഇങ്ങനെ തുടരുകതന്നെ ചെയ്യും. അതുകൊണ്ടു തന്നെ ഒരാളുടെ ശരി മറ്റൊരാൾക്ക് തെറ്റായിരിക്കുന്ന ഈ വ്യവസ്ഥിതിയിൽ സത്യമെന്നത് വളരെ കുറച്ചു പേർക്ക് മാത്രം തെളിഞ്ഞു കിട്ടുന്ന അമൂല്യമായ വെളിച്ചമായി ഇന്നും നിലനിൽക്കുന്നു. ലോകത്ത് ഇന്നുവരെ ഉണ്ടായ എല്ലാ ദർശനങ്ങളെയും ജീവിതത്തെയും ഓരോരുത്തർനോക്കിക്കണ്ട വ്യത്യസ്ത മാനങ്ങളായി സ്വീകരിക്കാൻ അവർക്കു കഴിയുന്നു. ലോകത്തിന്റെ നിലനിൽപ്പിനു തടസ്സമാകാത്ത എല്ലാ ദർശനങ്ങളെയും ഒരേ മനസ്സോടെ സ്വീകരിക്കാൻ അവർക്കു കഴിയും. എല്ലാ വിഭാഗീയതകളെയും ആ സമന്വയദർശനത്തിൽ വിലയിപ്പിക്കുവാൻ കഴിയുമെന്ന് അറിവിന്റെ ഉൾക്കാഴ്ച ലഭിച്ചവർ ജീവിതം കൊണ്ട് തെളിയിച്ചിട്ടുണ്ട്. ജീവിതത്തെ കൂടുതൽ സുഗമവും പ്രശാന്തവുമാക്കാൻ വേണ്ടി ഇന്നുവരെ ഉണ്ടായ എല്ലാ സ്നേഹാത്മക്കളുടേയും ജീവിതത്തെ ആദരവോടെ സ്വീകരിക്കാനും അവർമൊഴിഞ്ഞത് ശ്രദ്ധയോടെ മനസ്സിലാക്കാനും ഇവർക്കു കഴിഞ്ഞിട്ടുണ്ട്.
ബുദ്ധനേക്കാൾ മിടുക്കനാണോ മഹാവീരൻ? ജീസസോ മുഹമ്മദോ ശരി? ശങ്കരനോ മാധ്വനോ രാമാനുജനോ? ശാസ്ത്രമോ ശസ്ത്രമോ? ആത്മീയതയോ ഭൗതികതയോ? എന്നു തുടങ്ങിയുള്ള വാദങ്ങൾക്കും തർക്കങ്ങൾക്കും ഇവർ സമയം കളയാറില്ല. അറിയാനും അറിയിക്കാനുമാണ് വാദിക്കാനും ജയിക്കാനുമല്ല അവർ ശ്രമിച്ചത്. ശാസ്ത്രം ഉൾപ്പെടെയുള്ള എല്ലാ ദർശനങ്ങളും നമ്മുടെ ജീവിതത്തെ അനായാസമാക്കാൻ, പ്രസാദാത്മകമാക്കാൻ സഹായകരമാണെന്നു ഇവർക്കുറപ്പുണ്ട്. എന്നാൽ മനുഷ്യന്റെ അഹങ്കാരം നിറഞ്ഞ നിർബന്ധബുദ്ധി ഈ ദർശനങ്ങളിലെല്ലാം വിഷം കലക്കുന്നതും നാം കാണുന്നുണ്ട്. നിഷ്കളങ്കരായ മനുഷ്യർ പോലും ഈ മായാവലയത്തിൽപ്പെട്ട് അക്രമാസക്തരായി മാറുന്നു. അവിവേകികളായി ഇരുളിൽതപ്പുന്നു. തൊട്ടടുത്ത് നിൽക്കുന്നവൻ തന്റെ ശത്രുവാണെന്നു ധരിക്കുന്നു. ഈ ഇരുട്ടിൽ നിന്നും ജീവിതത്തെ രക്ഷിച്ചെടുക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ്. അപരനെ രക്ഷിച്ചെടുക്കേണ്ട കാര്യമല്ല നാം ഇവിടെ പറയുന്നത്. നമ്മെത്തന്നെ രക്ഷിക്കേണ്ട കാര്യമാണ്.

മനുഷ്യമേധയ്ക്ക് ഒരിക്കലും ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ കഴിയാത്തവിധം നിഗൂഢമാണ് ഈ പ്രപഞ്ചം. യുക്ത്യതീതമായ ഈ സമസ്യയെ ആശ്ചര്യത്തോടെയും വിനയത്തോടെയും നാം സ്വീകരിക്കുമ്പോഴും യുക്തികൊണ്ടു മനസ്സിലാക്കാവുന്ന ഒരിടം നമ്മുടെ ജീവിതത്തിലുണ്ട് എന്നും മനസ്സിലാക്കണം. വൈദ്യുതി കണ്ടുപിടിച്ച ഒരു ലോകത്ത് ഇനി പന്തംകൊളുത്തിവെച്ച് ആരും കഴിയേണ്ടതില്ല എന്നത് ഒരു സാധാരണ യുക്തിയാണ്. നമ്മുടെ മേധയ്ക്ക് അറിയാവുന്ന വിഷയങ്ങളിൽ വിവേകപൂർവ്വം വർത്തിക്കുകയും അറിയാനാവാത്തവയെ ആദരപൂർവ്വം നമിക്കുകയും ചെയ്യുമ്പോഴാണ് ജീവിതം അതിന്റെ സഹജനിലയിൽ നമുക്ക് അനുഭവിക്കാനാവുക.

ഇത്രയൊക്കെ ആമുഖമായി



പറയുന്നത് നാരായണഗുരുവിനെ ഹൃദയത്തിൽവെച്ചുകൊണ്ടാണ്. ഗുരു തർക്കത്തിന്റെയും വാദത്തിന്റെയും വക്താവായിരുന്നില്ല. ഇതു ശരി ബാക്കിയെല്ലാം തെറ്റ് എന്നു പറയുന്ന ഏതെങ്കിലും ദർശനത്തിന്റെ പ്രചാരകനുമായിരുന്നില്ല. ജീവിതത്തെ എല്ലാ വിഭാഗീയതകളിൽ നിന്നും മുക്തമാക്കാൻ സഹായിക്കുന്ന ഉൾവെളിച്ചത്തെ ലളിതമായ വാക്കുകളിലൂടെയും സ്വജീവിതത്തിലൂടെയും ഗുരു നമുക്ക് പകർന്നു നൽകി. എല്ലാ മഹാത്മാക്കൾക്കും സംഭവിച്ച ദുരന്തം കാലശേഷം ഗുരുവിന്റെ പേരിലും സംഭവിച്ചെങ്കിലും ആ ദർശനമഹിമയിൽ നിറഞ്ഞു ജീവിക്കുന്നവർ ഇല്ലാതായിട്ടില്ല. ഒരു കാലത്തും ഇല്ലാതാവുകയുമില്ല.

മനുഷ്യജീവിതത്തെ സ്നേഹമസൃണമാക്കാൻ സംഭവിച്ച മതങ്ങളെല്ലാം അക്രമത്തിന്റെയും ചൂഷണത്തിന്റെയും ലോകങ്ങളിൽ അഴിഞ്ഞാടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എവിടെ നോക്കിയാലും അസഹിഷ്ണുതയുടെയും അരാജകത്വത്തിന്റെയും ഇരുൾച്ചുഴികൾ മാത്രം. എല്ലാവർക്കും അവരവരുടെ ചെയ്തികളെ ന്യായീകരിക്കാൻ ആവശ്യത്തിലധികം പ്രമാണങ്ങളുണ്ട്. എന്നാൽ 'ഞാൻ' എന്നും "നീ' എന്നും പറഞ്ഞ് പരസ്പരം തല്ലിച്ചാകുന്ന മനുഷ്യരെ കാണുമ്പോൾ ഈ ഭൂമിയിൽ മനുഷ്യൻ ഇല്ലാതിരുന്നെങ്കിൽ മിണ്ടാപ്രാണികളായ ജീവികൾക്ക് അവരുടെ ജന്മാവകാശമായ സ്വാതന്ത്ര്യം അനുഭവിച്ചു ജീവിക്കാമായിരുന്നല്ലോ എന്ന് നാരായണഗുരു പറഞ്ഞ വാക്കുകളാണ് ഓർമ്മ വരുന്നത്.

മനുഷ്യൻ ജീവിതത്തെ സ്വയം നശിപ്പിക്കുന്നതുകണ്ട ഒരു ഹൃദയത്തിന്റെ വിലാപമാണിത്. ഇവിടെയാണ്

മനുഷ്യനെ ഏറെ സ്വാധീനിച്ചിരിക്കുന്ന, അപകടകരമായ രീതിയിൽ സ്വാധീനിച്ചിരിക്കുന്ന മതത്തിന്റെ അന്തസത്തയിലേക്കു വെളിച്ചം വീശുന്ന ഗുരുവിന്റെ വാക്കുകൾ ഒന്നു കൂടി ധ്യാനിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു വരുന്നത്. നൂറു ശ്ലോകങ്ങളടങ്ങിയ "ആത്മോപദേശശതകം' എന്ന ദാർശനിക കൃതിയിലാണ് ഗുരു മതത്തെ അവതരിപ്പിക്കുന്നത്. വികാരാവേശത്തിന്റെ രോഗാതുരതയിൽ നിന്ന് ഇറങ്ങിവന്ന് ഈ വാക്കുകളിലൂടെ ഹൃദയത്തെ സഞ്ചരിപ്പിക്കാമെങ്കിൽ ഇനിയും കലഹത്തിന്റെ ഇരുളിലേക്ക് നാം വീണുപോകാതിരിക്കും.

***അഖിലരുമാത്മസുഖത്തിനായ് പ്രയത്നം***
***സകലവുമിങ്ങു സദാപി ചെയ്തിടുന്നു***
***ജഗതിയിലിമ്മതമേകമെന്നു ചിന്തി-***
***ച്ചഘമണയാതകതാരമർത്തിടേണം.***

(സകല മനുഷ്യരും ആത്മസുഖം കൈവരിക്കുന്നതിനു വേണ്ടിയുള്ള പ്രയത്നം എല്ലാ തരത്തിലും ഇവിടെ എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. ഈ ലോകത്തിൽ ഈ മതം ഒന്നുതന്നെയാണ്. ഇത്തരത്തിൽ ചിന്തിച്ചു മനസ്സിലാക്കി പാപങ്ങളിൽ ചെന്നുപെടാതെ മനസ്സിനെ നിയന്ത്രിച്ചു കൊള്ളേണ്ടതാണ്)

സമൂഹജീവിയായ മനുഷ്യനെ സ്വാധീനിക്കുകയും ഭരിക്കുകയും ചെയ്യുന്നത് വ്യക്തി താൽപ്പര്യങ്ങളേക്കാൾ സാമൂഹ്യ താൽപ്പര്യങ്ങളാണ്. സംഘത്തിന്റെ



പൊതു താൽപ്പര്യങ്ങൾക്കു മുമ്പിൽ പലപ്പോഴും അവന്റെ ബുദ്ധി അന്ധമായിപ്പോകുന്നു. ആകെ മനുഷ്യരുടെ ആവേശങ്ങൾക്കിടയിൽ അവന്റെ ഹൃദയസ്വരം അടഞ്ഞു പോകുന്നു. ആവേശത്തിനടിപ്പെട്ട് അക്രമാസക്തമാകുന്നു. മനുഷ്യർ ഏകാന്തതകളിൽ ചെയ്തുപോയ തെറ്റിനെയോർത്ത് വിലപിക്കാതിരിക്കുകയില്ല. വിഭാഗീയതയുടെ കാലുഷ്യംബാധിച്ച ബോധങ്ങളെ യാഥാർത്ഥ്യത്തിലേക്കു നയിക്കാൻ നാം ആഗ്രഹിക്കുന്നെങ്കിൽ അവരെ ഉപദേശിക്കാൻ ശ്രമിക്കാതെ ഒന്നു നടക്കാൻ ക്ഷണിക്കാനാണ് ഗുരു നിത്യ പറയുക. വെറുതെ കടൽത്തീരത്തോ മലമുകളിലോ അവരോടൊപ്പം നടക്കാൻപോകുക. ഒന്നും സംസാരിക്കേണ്ട. ആകാശവിശാലതയും മന്ദമാരുതനും അവരോടു സംസാരിച്ചുകൊള്ളും. നാം വെറുതെ അവർക്കു കൂട്ടുപോയാൽ മതി. നമ്മുടെ ഹൃദയം അവരോടുള്ള അനുകമ്പയാൽ നിറഞ്ഞിരിക്കട്ടെ. ശാന്തമായ ഒരിടത്തു അവരുമൊത്തിരിക്കുക. ഒരു ചായ വാങ്ങിക്കൊടുത്ത് അവരുടെ ഹൃദയ വ്യഥകൾ നമ്മോടു പങ്കുവയ്ക്കാൻ അനു വദിക്കുക. അവർക്കു സമയം കൊടുക്കുക. അവർ സംസാരിക്കട്ടെ. നമുക്ക് മൗനമായിരിക്കാം. സ്വകാര്യജീവിതത്തിൽ അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ അവർ പങ്കുവയ്ക്കുമ്പോൾ സ്നേഹപൂർവ്വം അവരുടെ ചുമലിൽ സ്പർശിക്കുക. സാരമില്ല. ഞാനുണ്ട് എന്ന് സൗമ്യമായി അവരോടു പറയുക. സ്നേഹം നിറഞ്ഞ ഹൃദയത്തോടെയാണ് നാം അതു പറയുന്നതെങ്കിൽ അവരുടെ കണ്ണു നിറയുന്നത് നമുക്ക് കാണാനാകും. അത്രയും മതി. അതുവരെ അന്യനെന്നു കരുതിയിരുന്ന നാം അവർക്ക് ആത്മമിത്രമാകും. അപരനിൽ തന്നെത്തന്നെ കാണാനുള്ള ഹൃദയവിശാലത അവിടെ ഉണർന്നു വരും. സ്നേഹപൂർവ്വമുള്ള ഇടപെടലുകളിലൂടെ മാത്രമേ അതിർവരമ്പുകൾ അറ്റുവീഴുകയുള്ളൂവെന്ന് നാം അറിയും. എല്ലാവരും ആഗ്രഹിക്കുന്നത് ശാന്തമായ ഒരുള്ളമാണെന്ന് അതനു ഭവിക്കുമ്പോഴേ അറിയാനാകൂ. അങ്ങനെയൊരു ശാന്തിയിലേക്ക് ഒരാളെ നയിക്കാനാ യാൽ അയാളോട് എല്ലാവരും ആഗ്രഹിക്കുന്നത് സമാധാനമാണെന്നും ആ മതം ഏകമാണെന്നും പിന്നീട് പറഞ്ഞ് കൊടുക്കേണ്ടി വരി കയില്ല. ബുദ്ധിപരതയുടെ ലോകത്തു മാത്രം വ്യാപരിക്കുന്നവർക്ക് ഇതൊന്നും മനസ്സിലാകില്ല.

അവരുടെ ഹൃദയങ്ങൾ എന്നേ അടഞ്ഞു പോയിരി ക്കുന്നു. അവരെക്കുറിച്ച് ഗുരു പറയുന്നത് ഇങ്ങനയാണ്.



***പലമതസാരവുമേകുമെന്നു പാരാ-***
***തുലകിലൊരാനയിലന്ധരെന്നപോലെ***
***പലവിധയുക്തി പറഞ്ഞു പാമരന്മാ-***
***രലവതുകണ്ടലയാതമർന്നിടേണം.***

(പല മതങ്ങളുടേയും സാരം ഒന്നു തന്നെയാണ്. ഇതു മനസ്സിലാക്കാതെ ലോകത്തിൽ ഒരാനയെപ്പറ്റി അന്ധന്മാർതർക്കിക്കുന്നതുപോലെ പലമാതിരിയുള്ള വാദങ്ങൾ ഉന്നയിച്ച് അറിവില്ലാത്ത ജനം ലക്ഷ്യബോധമില്ലാതെ ചുറ്റിതിരിയുന്നതു കണ്ട് നാം അവരെപ്പോലെ അലയാതെ ഉള്ളിലെ ശാന്തിയിൽ നിറഞ്ഞിരിക്കണം)

ഗുരു നിത്യ അദ്ദേഹത്തിന്റെ ആത്മോപ ദേശശതകധ്യാനത്തിൽ എഴുതിയ രണ്ടു കഥകളാണ് ഓർമ്മ വരുന്നത്. ഒരു കുളത്തിൽ മത്സ്യങ്ങളോടൊപ്പം നീന്തി നടക്കുന്ന ഒരു ആമ ഒരു ദിവസം കരയ്ക്കു കയറി കുറച്ചുനേരം നടന്നിട്ട് മടങ്ങിച്ചെന്ന് കുളത്തിലെ മത്സ്യങ്ങളോട് "ഞാൻ കരയ്ക്കു നടക്കാൻപോയി' എന്നു പറഞ്ഞു. എന്നാൽ മത്സ്യങ്ങൾ വിചാരിച്ചത് ആമ കുറെ സമയം കരയ് ക്കു നീന്താൻപോയി എന്നാണ്. നമ്മുടെ നിറം പിടിപ്പിച്ച കണ്ണാടിയിൽകൂടി നാം മറ്റുള്ളവരെ വിലയിരുത്തുന്നത് ഇതുപോലെയാണ്. നമ്മുടെ അനുഭവത്തിലിരിക്കുന്നതിനുപരിയായി ഒന്നുമില്ല എന്ന അന്ധമായ വിശ്വാസമാണ് നമ്മെ നയിക്കുന്നത്.

മാനസസരോവരത്തിൽ താമരത്തേൻ കുടിച്ചും പൂമ്പൊടിയുണ്ടും ജീവിച്ചിരുന്ന ഒരു ഹംസം ഒരിക്കൽ നാട്ടുമ്പുറത്തുള്ള ഒരു പൊട്ടക്കുളത്തിൽ വരികയുണ്ടായി. അപ്പോൾ അവിടെയുണ്ടായിരുന്ന കൊറ്റികൾ അടുത്തുകൂടി ദേവലോകത്തിലെ സുഖസൗകര്യങ്ങളെപ്പറ്റി അന്വേഷിച്ചു. ഹംസം പറഞ്ഞതൊന്നും കൊറ്റികൾക്ക് അത്ര വലിയ കാര്യമായി തോന്നിയില്ല. അതിലൊരു കൊറ്റി അക്ഷമനായി, ആകട്ടെ അവിടെ നത്തയ്ക്കയുണ്ടോ? ഇത്തരത്തിലുള്ള ചോദ്യങ്ങളാണ് ഒരു മതവിശ്വാസി വേറൊരു മതവിശ്വാസിയോടു ചോദിക്കുന്നത്. എത്ര അപഹാസ്യമാണിത്?

ഒരു മതത്തിന് മറ്റു മതങ്ങളെയെല്ലാം നിന്ദ്യമാണ്. ഒരാളുടെ ശരി മറ്റൊരാളുടെ തെറ്റായി മാറുന്നു. എന്നാൽ ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് കണ്ണോടിക്കുമ്പോഴാണ് ഇതെല്ലാം വികാരത്തിനടിപ്പെട്ട മനസ്സിന്റെ ഭ്രാന്തമായ ചേഷ്ടകളാണെന്ന് മനസ്സിലാകുക. ശാന്തമായി ആലോചിച്ചു നോക്കുക. ദൈവത്തിന് ആരോടെങ്കിലും വിവേചനം കാണിക്കാൻ കഴിയുമോ? ആകാശത്തുള്ള ഉണർന്നു വരുന്ന സൂര്യൻ മതമോ ജാതിയോ നോക്കിയാണോ തന്റെ പ്രകാശത്തേയും ഊർജ്ജത്തേയും ലോകരിലേക്ക് പ്രസരിപ്പിക്കുന്നത്. എവിടുന്നോ അടിച്ചു വരുന്ന തെന്നൽ ആരെയെങ്കിലും പ്രത്യേകം തെരഞ്ഞെടുത്താണോ തഴുകിയൊഴുകുന്നത്. ഗംഗാനദി ഇനി ഞാൻ ഹിന്ദുവിലേക്കേ ഒഴുകൂ എന്നു പറയുന്നുണ്ടോ? നമസ്ക്കരിക്കാനായി നിങ്ങൾ വിരിച്ചിടുന്ന പായ ആരാണ് നെയ്തത്? നാം ദൈനംദിനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന എല്ലാറ്റിലും സർവ്വ മനുഷ്യരുടേയും വിയർപ്പും അദ്ധ്വാനവുമാണുള്ളതെന്ന് നാം ആലോചിക്കാറുണ്ടോ? എവിടെയാണ് പിന്നെ ഹിന്ദുവും മുസ്ലിമും ക്രിസ്ത്യാനിയും? മനുഷ്യനെ മനുഷ്യനായി കാണാനും എല്ലാറ്റിലും നിറഞ്ഞിരിക്കുന്ന സത്യം ഏകമാണെന്നറിയാനും കഴിഞ്ഞാലേ സമാധാനമുണ്ടാകൂ. ഗുരു പറയുന്നു;

***ഒരുമതമന്യനുനിന്ദ്യ, മൊന്നിലോതും***
***കരുവപരന്റെ കണക്കിനൂനമാകും;***
***ധരയിലിതിന്റെ രഹസ്യമൊന്നുതാനെ-***
***ന്നറിവളവും ഭ്രമമെന്നറിഞ്ഞിടേണം.***

(ഒരു മതം മറ്റൊരു മതത്തിൽ വിശ്വസി

ക്കുന്നവനു നിന്ദ്യമായി തോന്നും. ഒന്നിൽ പറയുന്ന തത്വം മറ്റൊരുവന്റെ കണക്കു കൂട്ടിലിൽ ദോഷമുള്ളതാകും.

ലോകജീവിതത്തിൽ മതരഹസ്യമായിരിക്കുന്ന തത്വം ഒന്നുതന്നെയാണ് എന്ന് അറിയുന്നതുവരെ മാത്രമേ ഇത്തരം ഭ്രമബുദ്ധി ഉണ്ടായിരിക്കുകയുള്ളൂ എന്നുള്ളത് അറിഞ്ഞിരിക്കണം.)

ഒരു മതത്തിനും വേറൊരു മതത്തെ പൊരുതിത്തോൽപ്പിക്കാൻ കഴിയുകയില്ല. തോൽപ്പിക്കാൻ ശ്രമിക്കുംതോറും ശക്തിപ്രാപിച്ചു വരികയേയുള്ളൂ. യുക്തിപരമായാലും ശക്തിപരമായാലും അതാണ് നാം ഇന്ന് ലോകത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഒരിറ്റു രക്തത്തിൽ നിന്ന് ആയിരം ശത്രുക്കൾ ഉണ്ടാവുകയേയുള്ളൂ. ഒരു തർക്കത്തിൽ നിന്ന് വേറൊരു മതമേ ഉണ്ടാകൂ. ഒരു മതത്തിൽ തന്നെ അനേകം വിഭാഗങ്ങൾ ഉണ്ടായി വരുന്നത് നാം കാണുന്നുണ്ടല്ലോ. അതിനാൽ പൊരുതിപ്പൊരുതി സ്വയം വിഭജിക്കാതെയും നശിക്കാതെയും സ്വജീവിതത്തെ വിവേകപൂർണ്ണമാക്കുക എന്നാണ് ഗുരു പറയുന്നത്.

***പൊരുതിജയിപ്പതസാദ്ധ്യമൊന്നിനോടൊ-***
***ന്നൊരു മതവും പൊരുതാലൊ***
***ടുങ്ങുവീല;***
***പരമതവാദിയിതോർത്തിടാതെ പാഴേ***
***പൊരുതി പൊലിഞ്ഞീടുമെന്ന ബു***
***ദ്ധിവേണം.***

(തമ്മിൽ പൊരുതി ഒരു മതത്തിന് മറ്റൊരു മതത്തിനുമേൽ വിജയം കൈവരിക്കാം എന്നത് അസാദ്ധ്യമാണ്. ഒന്ന് മറ്റൊന്നിനോട് പൊരുതുന്നതുകൊണ്ട് ഒരു മതവും നശിക്കുകയില്ല. മറ്റു മതങ്ങളുടെ ദോഷത്തെപ്പറ്റി പറഞ്ഞു നടക്കുന്നവർ ഇപ്പറഞ്ഞ തത്ത്വം ഓർക്കാതെ ഒരു അർത്ഥവുമില്ലാതെ പൊരുതി നശിക്കും എന്ന ബുദ്ധി ഉണ്ടാവണം.)

എല്ലാവരും പറയുന്നു ഒരു ദൈവമേ ഉള്ളൂ എന്ന്. എന്നാൽ അവർ പറയുന്ന ദൈവമാണ് ശരിയായ ദൈവമെന്ന് ബുദ്ധിഹീനന്മാരെപ്പോലെ വിളിച്ചു പറയുകയും ചെയ്യുന്നു. എല്ലാവരും ശ്രമിക്കുന്നത് ഒരേ സത്യത്തെ വെളിപ്പെടുത്താനാണെന്ന കാര്യം ഈ തർക്കത്തിനിടയിൽ നാം മറന്നു പോകുന്നു. വിവേകം നശിച്ച് വികാരത്തിനടിമയായതിന്റെ ലക്ഷണമാണത്. മുമ്പോട്ടുമുമ്പോട്ടു പോകുംതോറും ദൈവവും കരുണയും സത്യവുമെല്ലാം അകന്നു മാറുന്നു. പിന്നെ ഞങ്ങളും നിങ്ങളും മാത്രമേ ഉള്ളൂ. അവിടെ പിന്നെ അടിയും പിടിയും മാത്രം. എന്തിനാണ് ഞാൻ ഇങ്ങനെ അക്രമിയാകുന്നതെന്ന് ഒരിക്കലും അവൻ സ്വയം ചോദിക്കുന്നില്ല. കാരുണികനും ദയാപരനുമായ ദൈവത്തിനുവേണ്ടിയാണ് ഞാൻ യുദ്ധം ചെയ്യുന്നതെന്നു പറയുന്നവൻ യുദ്ധം കരുണയോ ദയയോ അല്ല എന്ന കാര്യം മറന്നുപോകുന്നു. സർവ്വനാശത്തിന്റെ വിത്തു വിതയ്ക്കുന്ന യുദ്ധം എന്നും കാരണമായിട്ടുള്ളൂ എന്ന ചരിത്രസത്യം അവർ കാണാതെ പോകുന്നു. ദൈവത്തിന്റെ വേഷം ധരിച്ച ചെകുത്താന്റെ വാക്കുകളാണ് നമുക്കു പ്രമാണം. എല്ലാ സൃഷ്ടികൾക്കും കാരണമായിരിക്കുന്ന കാരുണ്യത്തിന് എങ്ങനെ പരസ്പരം യുദ്ധം ചെയ്യുന്നതിനെ അംഗീകരിക്കാനാവും. അതുകൊണ്ടു ഗുരു പറയുന്നു:

***ഒരുമതമാകുവതിന്നു***
***രപ്പതെല്ലാവ-***
***വരുമിതു വാദികളാ***
***രുമോർക്കുവീല;***
***പരമതവാദമൊഴിഞ്ഞ***
***പണ്ഡിതന്മാ-***
***രറിയുമിതിന്റെ***
***രഹസ്യമിങ്ങശേഷം.***

(എല്ലാവരും പറയുന്നത് ഒരു മതം ആകണമെന്നാണ്. ഇക്കാര്യം മതത്തെക്കുറിച്ച് വാദിക്കുന്നവർ ആരും ഓർക്കാറില്ല. പരമതനിന്ദയില്ലാത്ത പണ്ഡിതന്മാർക്ക് ഇതിന്റെ രഹസ്യം മുഴുവൻ അറിയാൻ കഴിയും)

അനുഗൃഹീതമായ ഒരു ജീവിതത്തിന്റെ ഉടമകളാണു നാം. അതു തമ്മിൽതമ്മിൽ പോരടിച്ച് കലുഷമാക്കേണ്ടതല്ല. വൈവിദ്ധ്യങ്ങളും വൈചിത്ര്യങ്ങളും സൃഷ്ടികളിൽ സ്വാഭാവികമാണ്. ഒരു പൂന്തോട്ടത്തിൽ വിവിധയിനത്തിലുള്ള വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾ വിടർന്നു പുഞ്ചിരിക്കുന്നത് ആഹ്ലാദജനകമാണ്. അതുകൊണ്ട് ഒരു ദോഷവും ആർക്കുമില്ല. എല്ലാ പൂക്കളും ഒരേ ജാതിയിലും ഒരേ വർണ്ണത്തിലും ആകണമെന്നു നിർബന്ധം പിടിക്കുന്നവർ പ്രകൃതിയെ അറിയാത്തവരാണ്. അങ്ങനെ ഒരറിവുണ്ടായാലേ വിഭാഗീയതകളുടെ ഇരുൾവലയത്തിൽ നിന്നും നമുക്കു രക്ഷ ലഭിക്കുകയുള്ളൂ. അതിനുള്ള വിവേകം നമ്മുടെയെല്ലാം ബോധത്തിൽ വിടർന്നു വരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ■





*Best Compliments from*

**Jashil Rajan & Family**
**(Son of Chandravathi Jayarajan and Late M. N. Jayarajan)**
**New York**

# FSNONA 2018



















# FSNONA 2018




Sree Narayana Guru
North America








Federation Of Sree Narayana Guru Organizations
North America


Sree Narayana Convention
2018
MS



# FSNONA 2018











# FSNONA 2018


















# FSNONA 2018


















# FSNONA 2018

















# FSNONA 2018

















# FSNONA 2018


Federation Of Sree Narayana Guru Organizations
North America


Federation Of Sree Narayana Guru Organizations
North America


Whichever the religion it suffices,
if it makes a better person.


North America


Welcome




Welcome



# FSNONA 2018

















# FSNONA 2018










# FSNONA 2018

















# Best Compliments from



## C.K. Dhananjayan & Family

# FSNONA 2018


















EJW
EAST WEST JEWELERS
EST 1986

# Experience the **Best Jewelry**






22 KT Gold Jewelry • Diamond Jewelry • Gold Coins
Fine Watches • Engagement Rings • GiA Diamonds
Custom Jewelry • Jewelry Repair • Bridal Jewelry

**94 Broadway, Hicksville, New York 11801 • Call +1 516-605-0536**

**7 Days a week - 11.00 am - 08:00 pm / Come visit - Vijay & Mintu**

# FSNONA 2018 Youth Forum
















With Best Compliments of

# SNA TORONTO

SREE NARAYANA ASSOCIATION TORONTO

A MODEL ORGANISATION

# FSNONA 2018 Youth Forum


















Best Wishes from
K.G. Sahrudayan,
Ammukutty &
Sameer
New York


Best compliments from
Anish Kuttamballi and Family
New York


Best compliments from
Jayachandran Achuchan and Family
Houston


Best
Compliments From...
Sudhakara Panicker &
Lakshmikutty Panicker
Maryland



*Nandhana graduated from University of Connecticut with a bachelor degree in Economics. She is working as a teacher at CASES New York*

# *Xtreme Symbiosis*

In Which
I Sacrifice Each Old Limb
till i have devolved
and strayed from my predetermined genetic discourse
to be slummed and stay slummed

Jess says she can pay me what she owes me
because it seems urgent. that i am in need & needy
my mother carried an ocean that harbored her
parents' funerals for months before she could get back
home and still do american capitalism better than yours this is
a stupid way to win. to excavate the mouth of its teeth and tongue
because someone else swallowed our necessity.

Xtreme Symbiosis: In Which
I Am An Adaptation This Country Will Not Claim
labels me parasite
for a hunger that didn't begin with me
but for a hollowed-out lineagea
beast my parents could not name,
but still survived its acid.

Xtreme Symbiosis: In Which
The Administration Labels My Survival Ungrateful,
but i am adapting even when i am conforming and forgetting
my mother's bridal gold is stolen
in the white neighborhood

betrayal slides in quietly
through the front door
decades later, without asking
& we do not speak of it

this is how this ecosystem rids me of myself,
makes me complicit in my own disappearing act
makes me grateful to wiki my own history
makes me beholden to a white set of hands benevolent enough to rewrite my own
flesh memory

America feasts. America does what America does in his arrogance

Xtreme Symbiosis Finishes its Happy Ending in a Shakira Music Video:
open up a desi grocery store/high end club
the dish tonight is my minced tongue, the newest exhibit

i lost my id.
i can't find my way in.
my father spelt my name wrong on my birth certificate
that's just not how it was done in their country.
my mother tells me to be safe, for her sake, to not be too visibly foreign.
i remind the cop my passport is american.


Best
Compliments
from
Uday Karunakaran
Anitha Uday
Advaith Uday
Adarsh Uday
New York


Best Compliments from
Arjunkumar Madhu, Ajithakumari Madhu,
Madhu K.Sekharan, Akshai Madhu - New York



Kelvin Suresh Babu

# Religion and Politics

Religion has long been an influential factor in the lives of the people of any country. Throughout history, people have been viewed, treated, and even persecuted in accordance to their religious views. It is no surprise that religion influences the political future of developing countries. Many countries, including, but not limited to India and China, have based their political systems on religion. Elections in these countries can also be influenced, to some extent, by the religious views of the general populous, which can ultimately project the outcome of the vote.

The relation between religion and politics continues to be an apparent and important theme in political philosophy, despite the emerging consensus (among both political theorists and in practical political contexts, such as the United Nations) on the general necessity of the separation of church and state.

One reason for the significance of this topic is that religions often make strong claims on people's allegiance, and in some cases, they also make these claims on all people, as opposed to a particular community. For example, Islam has traditionally held that all people owe obedience to Allah's will. Thus, it is probably inevitable that religious commitments will sometimes come into conflict with the demands of the dynamic of socio-political affairs.

However, religious beliefs and practices can also potentially support politics in many ways. The extent and form of this support is as important to political philosophy as is the possibility for conflict that exists. As Western societies faced the growing number of apparent religious beliefs in the early modern era, one of the paramount social issues was determining whether these seemingly alien religions should be tolerated. However, we can see that in modern times, countries such as the one we live in grant its citizens freedom of religion.

Although secularism is growing rapidly in the societies of the world, religion continues to be an important political aspect. Even the most secularized countries, such as Sweden, include substantial numbers of people who identify as religious. Moreover, many of these societies are currently experiencing immigration from groups who follow religions that are alien to the host countries. Luckily, the world has grown to accept difference, and people like these are given the same rights as everyone else, and even formal citizenship.

Best Compliments from



Rajeev Kumaran, Thamara Rajeev, Sindhya Rajeev, Sangeetha Rajeev
New York



# *let us rise in this sweetness*
# *let us win in this softness.*

i am the kind of person who ponders.
ponders about the
boundaries splitting apart the anchors
that tie to me the edges of this world,
divisions telling me where to stop
and where to weep.

i am the chocolate colored girl.
yet the voices have devoured all the
sweetness left in me.
ripped open the currents in my head,
rocked me aside and tossed me from
shore.

today humanity is a poisoned tree.
venom gnawing at its core,
the greenness severed from its feet.

the eyes that were taught to smile-
glare, and bring out pens the size of
knives
and cut cut cut into those who used to
speak.

bullets bellow inside of backyards,
tear apart treehouses and rocketships,
this violence angers us all.

i bring out paint palettes,
to block the melanin in our skin-
porcelain white for the child of ebony.

the irony taunts us all

we are all searching,
it is all the same-
we are all vessels with a beat,
it is all the same.
we are all longing,
for a home, for a safety net-
it is all the same.

the sun that rises for us,
the sun that sets for us,
the moon that follows us,
even through car windows,
insomnia, dark nights-
are they not universal
are they not something that
breaks the difference we have strived so
hard to forget.

we rotate upon the same planet-
crystalline yearnings walking across our
chests

only to hear that there is yet another
wall that pushes us apart.
a wall that scorns at us-
screams at us for being so called
inferior, so called superior

i have swallowed the word caste over
and over again-
every time the aftertaste is of a bitter
one,
burning the parts of me that fight so hard
to exist

i have always been a lover of words,
but this one, this word, caste, i choose to
erase.

division, i choose to erase

discrimination, i choose to erase.

love tastes so much sweeter.
equality tastes so much sweeter.

let us rise in this sweetness. let us win in
this softness.

Mahitha Vijily

# Best compliments from

SREE NARAYANA GURU MISSION USA Inc

HOUSTON
TEXAS

ESTD 2012

*"Educate and enlighten
Organize and strengthen"*

Board of Directors
Womens Forum
Youth Wing

# ശ്രീനാരായണീയർ എന്ന വാക്കിന്റെ അർത്ഥം

*പ്രസാദ് കൃഷ്ണൻ ഫിലാഡൽഫിയ*





സമസ്ത മതദർശനങ്ങളുടെയും ആന്തരിക സത്ത ഉൾക്കൊള്ളുവാനും ഒപ്പം വിശ്വാസികൾക്ക് സർവ്വ തല സ്പർശിയായ ഒരു പുനർനിർവ്വചനം നൽകുവാനും പര്യാപ്തമായ ഒരു മഹത്തായ ദർശനം അതാണ് ശ്രീനാരായണഗുരുദേവ ദിനത്തിന്റെ വ്യതിരക്തത. ആ പാദധൂളികളുടെ പരിരംഭണത്തിൽ ഒരു വലിയ ജനതയ്ക്ക് മോചനം കൈവന്നപ്പോളും ആകാശ സീമകൾക്കപ്പുറത്തേക്ക് വികസിച്ച ആ ചിന്താധാരയുടെ ഔന്നത്യമെത്തിനിന്നത് അക്ഷരാർത്ഥത്തിൽ വേർതിരിവുകളും വേലിക്കെട്ടുകളും ഇല്ലാത്ത ഏക ലോക സങ്കൽപ്പത്തിലാണ് അതിരുകളില്ലാത്ത ആകാശത്തിന്റെ തീറാധാരം അതാണ് ഗുരു എന്നും കാംക്ഷിച്ചത്. ഒരിക്കൽ ഒരു ഭൂമി തീറെഴുതി തൃപ്പാദ സമക്ഷം സമർപ്പിക്കപ്പെട്ടപ്പോൾ ആകാശം തീറെഴുതികിട്ടിയാൽ കൊള്ളാമെന്ന് ഗുരു പ്രതികരിച്ചതായി ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത് ഈ അവസരത്തിൽ ഓർത്ത് പോകുന്നു. ഇന്ന് വളരെ ലാഘവത്തോടെ നാം കേട്ടുവരുന്ന ഒരു പദപ്രയോഗമാണ് ശ്രീനാരായണീയർ എന്നത്. ശ്രീനാരായണഗുരുദേവന്റെ ചിന്തകളേയും ദർശനങ്ങളെയും അകക്കാമ്പിൽ അറിഞ്ഞുകൊണ്ട് അത്യുദാത്തമായ ആ ജീവിത പാന്ഥാവിനെ പിൻപറ്റുന്നവർ എന്ന നിലയിൽ വളരെ വിപുലമായ അർത്ഥ തലമാണ് ശ്രീനാരയണീയർ എന്നത് കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. എങ്കിലും ഇന്ന് ഒരു പ്രത്യേക സമുദായത്തെ പ്രതിനിധീകരിക്കുന്നവർ എന്ന നിലയിൽ ഈ പ്രയോഗം പ്രായോഗികവൽക്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ മാർഗത്തെ അനുഗമിക്കുന്നവർ ക്രിസ്ത്യാനി - പിന്നെ ബുദ്ധിസ്റ്റ്- മാർക്സിസ്റ്റ് , ഗാന്ധിയൻ തുടങ്ങിയ അനേകം അത്തരം വിഭാഗത്തെ തങ്ങളുടെ ആദർശ പുരുഷന്റെ വാക്കിനേയും ചിന്തയേയും പ്രവർത്തിയേയും അനുധാവനം ചെയ്യുന്നവർ എന്ന അർത്ഥത്തിൽ വെറും സങ്കൽപ്പത്തിൽ ഇന്ന് ലോകത്ത് ജീവിച്ചു പോരുന്നു.

എന്റെ മനസാക്ഷിയുമായുള്ള ഒരു ഏറ്റുമുട്ടലിൽ ആത്മ സംഘർഷത്തിൽ പെട്ടുപോയ ഞാൻ ഒരുപക്ഷേ വികാരപരമായിട്ടായിരിക്കും ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നത്. എങ്കിലും നിലപാടുപരമായ സത്യസന്ധത അത് മാത്രമാണ് എന്നെ മുൻപോട്ടു നയിക്കുന്നത്. വേദനയോടെ ഒരു കാര്യം ഞാൻ തിരിച്ചറിയുന്നു. ഞാൻ ഇന്നും എന്റെ സത്വ ബോധത്തിന്റെ തടവറയിലാണ്. ശ്രീനാരായണീയൻ ആകാൻ എനിക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക ജാതിയുമായി ആ മഹാചൈതന്യ ത്തെ ബന്ധിപ്പിക്കുവാൻ ശ്രമിക്കുന്ന നാം ഓരോരുത്തരും "എന്റെ പിഴ എന്റെ പിഴ എന്റെ പിഴ" എന്നു കുമ്പസാരക്കൂട്ടിൽ ഏറ്റുപറയേണ്ടിയിരിക്കുന്നു. ഗുരുവിലേക്ക്

# *Best Compliments from*







**Adv. Kalluvila Vasudevan, M.A., L.L.B., C.A.I.A.B. & Yesodhara Vasudevan**

**Amith Skandhan, M.D. & Jaya Vasudevan, M.D.**

**Bungee & Prakash Vasudevan**

**Isaac Vasudevan, Nora Vasudevan & Sebastian Vasudevan**

Philadelphia



അടുക്കുംതോറും സ്വത്വ ബോധമെന്ന വിൽപ്പത്തിൽ നിന്നും മെല്ലെ പുറത്തു വരും. തികച്ചും സ്വാഭാവികമായ ഒരു പ്രക്രിയ മാത്രമാണത്. ഞാൻ വീണ്ടും ചിന്താകുഴപ്പത്തിൽ ആണ്ടുപോകുന്നു. എന്തുകൊണ്ടായിരിക്കും ക്രിസ്തുവിന്റെ ആശയങ്ങളെ പിന്തുടരുന്നവർ ക്രിസ്ത്യാനികൾ എന്നറിയപ്പെടുമ്പോഴും പരിമിതമായ ഒരു മത ചട്ടക്കൂടിനുള്ളിൽ നിന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ക്രിസ്തുവിന്റെ പ്രതിപുരുഷന്മാർക്ക് കഴിയുന്നത്? നിന്നെ പോലെതന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുവാൻ ഉപദേശിച്ച ആ വലിയ ഇടയന്റെ പിൻമുറക്കാർ സങ്കുചിതമായ മത താൽപ്പര്യങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുമ്പോൾ ആദരപൂർവ്വം നാം അവരെ വിശ്വാസികൾ എന്ന് വിളിക്കും. അവരെ യഥാർത്ഥ ക്രിസ്ത്യാനികൾ എന്ന് പ്രശംസിക്കും. സാഹോദര്യത്തിന്റെ അടയാളമായി കരുണവാൻ നബി മുത്തുരത്നത്തിന്റെ പേരിൽ പ്രഘോഷിക്കപ്പെടുന്ന ഒരു മതത്തിന്റെ സന്ദേശ വാഹകർ എന്ന കുപ്പായം സ്വയം എടുത്തണിഞ്ഞിരിക്കുന്നവർ ആ മതസംഹിതക്കേൽപ്പിച്ചിരിക്കുന്ന പ്രഹരം അതിമാരകമാണ്. ലോകത്താകമാനം പല വിശ്വാസ സംഹിതകളിൽ കഴിഞ്ഞു കൂടുന്ന ഏകദേശം എഴുന്നൂറ് കോടിയിൽപരം മനുഷ്യരുണ്ട്. ആ ജനസഞ്ചയത്തിലെ തീരെ ചെറിയ ഒരു വിഭാഗമാണ് നമ്മുടെ ചിന്തക്ക് വിധേയമായിരിക്കുന്ന സ്പെസിമെൻ. അവർ തങ്ങളുടെ രക്ഷകനായും കൺകണ്ട ദൈവമായും ശ്രീനാരായണ ഗുരുദേവനെ പൂജിക്കുന്നു. അതിനേക്കാളും നീചമായ ഗുരുനിന്ദയുണ്ടോ എന്ന മട്ടിൽ ബുദ്ധിജീവികൾ അധരവ്യായാമത്തിലൂടെ തലങ്ങും വിലങ്ങും നമ്മെ പ്രഹരിക്കുന്നു. ധൈഷണിക വ്യാപാരത്തിന്റെ മൊത്തക്കച്ചവടക്കാർ ഗുരുവിന്റെ ജീവിതത്തെയും ദർശനത്തെയും അവരുടെതായ രീതിയിൽ വിനിമയം ചെയ്യുന്നു. ശ്രീനാരായണഗുരുദേവന്റെ സാർവ്വലൗകികതയെക്കുറിച്ച് പറയുമ്പോൾ തന്നെ, ഗുരു ഒരു പ്രത്യേക വിഭാഗക്കാർക്ക് മാത്രമായി എന്തോ 'ഇടയ ലേഖനം' ഇറക്കി എന്ന മട്ടിലാണ് കാര്യങ്ങളെ വീക്ഷിക്കുന്നത്. കാരണം, ഉപദേശം മുഴുവൻ അത്തരം വേദികളിലാണ് എന്നതാണ് കൗതുകകരമായ വസ്തുത. നമുക്ക് പ്രത്യേകം വേലി കെട്ടി തിരിച്ചിട്ടുണ്ട്. പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ട്. നമ്മൾ ജാതിയെക്കുറിച്ചോ മതത്തെക്കുറിച്ചോ ദൈവത്തെക്കുറിച്ചോ ഒക്കെ മിണ്ടി പോയാൽ ഉടൻ വരും 'ഒരു ജാതി ഒരു മതം'- പിന്നെ കണ്ണാടി പ്രതിഷ്ഠ ഇതൊരു വല്ലാത്ത വിരോധാഭാസമല്ലേ? ജാതി മത ചിന്തകൾക്ക് അതീതമായി ഗുരു വിഭാവനം ചെയ്ത ഒരു മാതൃകാ സ്ഥാപനം ഇവിടെ രൂപപ്പെടുന്നു. ഇത്തരം അസുഖകരമായ ചിന്തകൾ സ്വാഭാവികമായും അസ്തമിക്കും അതുകൊണ്ട് പ്രിയപ്പെട്ടവരെ ധൈര്യപൂർവ്വം അഭിമാനപൂർവ്വം പറയൂ ഞാൻ ശ്രീനാരായണീയൻ ആണ് എന്ന്. ക്രിസ്തുവിനെ രക്ഷകനായി കാണുന്ന ക്രിസ്ത്യാനിയുടെ അതേ മനോഭാവത്തോടെ അതെ ഭക്തിയോടെ ശ്രീനാരയണഗുരുദേവനെ ആരാധിക്കൂ. ശ്രീനാരായണീയൻ എന്ന് സ്വയം വിളിക്കൂ അതൊരിക്കലും ഒരു മതത്തിന്റെയോ ജാതിയുടെയോ കാഹളം അല്ല. വിഭാഗീയതയുടെ വിളംബരമല്ല. കേവലം ബൗദ്ധിക വ്യായാമത്തിനുള്ള ഉപകരണമായി ഗുരുവിനെ കാണാതെ ആരാധനാപൂർവ്വം ആ മഹാചൈതന്യത്തെ സമീപിക്കുവാൻ നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■




*Best Compliments from*

**Sunil Narayanan, Latha, Sujith and Suhas - Virginia**

# ഒരു പരബ്രഹ്മ ചിന്ത

*ഉദയഭാനു പണിക്കർ*



***ഉപനിഷത് പ്രോക്തമായ പരബ്രഹ്മ തത്വം എന്തെന്ന് ചിന്തിക്കുന്ന കുറിപ്പ്.***

“പരബ്രഹ്മം” ഒന്നു മാത്രം. മലയാള ഭാഷയിൽ “ദൈവം” എന്നതിനെ പറയാം. എന്നാൽ അതു ഈ അഖിലാണ്ഡത്തിൽ ഉള്ളതെല്ലാം തന്നെ. ഈശ്വരനെയും വിവിധ തലങ്ങളിൽ ഉള്ള ആത്മീയ പ്രതിഭ ആയി വേണം കരുതുവാൻ. പലരും തെറ്റായി അവരെ ദൈവങ്ങൾ എന്നു പറയാറുണ്ട്. സെമിറ്റിക്ക് മതങ്ങളുമായുള്ള കൂട്ടിക്കലർത്തലുകൾ കാരണം. സനാതന ധർമ്മികൾക്കുണ്ടായ തെറ്റിദ്ധാരണയാണിത്. സനാതനധർമ്മം വിശ്വാസങ്ങളിൽ അധിഷ്ഠിതമായ ഒരു സങ്കല്പം ആണെന്നു പലർക്കും ധാരണയുണ്ട്. അതു മറ്റൊരു തെറ്റിദ്ധാരണയാണ്.

ഭൂതമായതിലെല്ലാം പരമാത്മതത്വം (പരമാത്മാവ്) കുടികൊള്ളുന്നു. ആയതിനാൽ അത് ചലിക്കുന്നു എന്നു പറയാം. എന്നാൽ അതു ചലിക്കാതെ തന്നെ സകലതിലും ഉള്ളതിനാൽ ചലിക്കുന്നില്ല എന്നും പറയാം. അതു സ്ഥാവരവും അതേസമയം ജംഗമവും ആണ്. അതു ഭൂതമായതിന്റെയെല്ലാം പുറത്തും അകത്തും സ്ഥിതി ചെയ്യുന്നു. അപ്പോൾ അത് അടുത്തും ഉണ്ട്. അതേ സമയം തന്നെ അകലത്തിലും ആണ്.

പരമാത്മാവ് കണ്ണുകൾക്കു ഗോചരീഭവിക്കാത്തതാണ്. വളരെ സൂക്ഷ്മം ആയതിനാൽ. എന്നാൽ അഖിലാണ്ഡം മുഴുവനും നിറഞ്ഞു തിങ്ങി നില്ക്കുന്നതിനാൽ സ്ഥൂലവും ആണ്. അതുകൊണ്ട് പരമാത്മാവ് സർവ്വവ്യാപിയും ആണ്. സർവ്വവ്യാപി ആയതിനാൽ, ആ ആത്മാവ് അതിവേഗത്തിൽ സഞ്ചരിക്കുന്നു എന്നു പറയാം. എന്നാൽ സർവ്വിടത്തും സദാ ഉള്ളതിനാൽ സ്ഥിരമായി സ്ഥിതി ചെയ്യുന്നതും ആണ്. ഇങ്ങനെയുള്ള പരമാത്മതത്വം, തന്നിലും മറ്റെല്ലാത്തിലും ഉണ്ടെന്ന കാര്യം അറി യുന്നവർ, ഭൂതമായതിനെയെല്ലാം തന്നിലും, ഒപ്പം തന്നെ താൻ സ്വയം ഭൂതമായവയിലെല്ലാത്തിലും ഉണ്ടെന്നും അനുഭവിച്ചറിയും. അതു സംഭവിക്കുമ്പോൾ തന്നിലും മറ്റുള്ളവരിലും മറ്റുള്ളവയിലും ഉള്ള പരമാത്മതത്വം ഒന്നുതന്നെ എന്നും അനുഭവിച്ചറിയും. നാമും അന്യനും അന്യതും ആയി കാണുന്നവ അനേകമല്ല എന്നും എല്ലാം ഒന്നും തന്നെ എന്ന ബോധവും ഉണ്ടാകും. അന്തരാത്മാവിൽ മനസ്സിനെ ഏകാഗ്രമാക്കി ജീവിക്കുന്ന ആ ബോധം ഉള്ളവരാണു യോഗികൾ. അവർക്ക് മറ്റുള്ളവരിലും മറ്റുള്ളവയിലും തന്നെക്കാണാം.ഗുരുദേവന്റെ ദൈവദശകം നൽകുന്ന സന്ദേശവും ഇതുതന്നെയാണ്.

അതിനെ മനസ്സിരുത്തി ദിവസവും മനനം ചെയ്യുക. മനസ്സിലാകണം.മനസ്സിലാക്കണം എന്ന ആത്മാർത്ഥമായ ചിന്തയോടുകൂടി, തീരുമാനത്തോടുകൂടി; തുടരെ ഉരുവിട്ട് ഹൃദ്യസ്ഥമാക്കുക. അപ്പോൾ അതിലടങ്ങുന്ന ആത്മീയ ചൈതന്യം നമ്മിലേക്കും വ്യാപിക്കും. അപ്പോൾ ഭൂതമായതിൽ ഒന്നിനെയും ഒരുവിധത്തിലും നിന്ദിക്കില്ല.

പ്രത്യേകിച്ചും അറിഞ്ഞുകൊണ്ട് നിന്ദിക്കില്ല. അങ്ങനെയുള്ളവർ, യുക്തിപൂർവ്വം ചിന്തിച്ചേ എന്തും പ്രവർത്തിക്കൂ. അപ്പോൾ അവർ അറിയാതെ ആരേയും നിന്ദിക്കില്ല. അങ്ങനെയാകുമ്പോൾ സനാതന ധർമ്മത്തിൽ പറയുന്ന അദ്വൈതം പ്രായോഗികമായി നടപ്പാകും. അവിടെ എല്ലാവരും സമന്മാരായിരിക്കും. ആ ആത്മീയ ചൈതന്യം സ്വയം നേടിയവർ യാതൊരുവിധ ഉച്ചനീചത്വങ്ങളും കാട്ടില്ല. ഉച്ചനീചത്വങ്ങൾ ഉണ്ടാകാൻ സാദ്ധ്യത ഉള്ളതൊന്നും ചെയ്യുകയും ഇല്ല. മനുഷ്യൻ എന്തു ചെയ്യുന്നതിനു മുമ്പും അവ ഏതെങ്കിലും രീതിയിൽ സമൂഹത്തിൽ ഉച്ചനീചത്വത്തിനു കാരണം ആകുമോ എന്നു ചിന്തിക്കുന്നതും നന്നായിരിക്കും. പ്രത്യേകിച്ചും ശ്രീനാരായണീയർ. ▪



# With Compliments from



Sreyas Sreedhar, Saudamini Sreedharan, Sreedharan Mallappally,
Sidharth Sreedhar, Sujith Sreedhar, Dr.Jaimol Sreedhar

Philadelphia

# ശ്രീനാരായണ ഗുരുവിലേക്ക് ഒരു തിരിഞ്ഞു നോട്ടം

*കെ.എൻ. രാജൻകുട്ടി*



ചരിത്രം പരിശോധിച്ചാൽ പീഡനങ്ങളുടെ പെരുമഴ കാണാൻ കഴിയുന്നതാണ്. നിലവിലുള്ള തത്വസംഹിതകൾക്ക് പാപ്പരത്വം സംഭവിക്കുമ്പോൾ ധർമ്മത്തിന് ഹാനി സംഭവിക്കുമ്പോൾ ഈശ്വരന്റെ അവതാരമായി പുണ്യപുരുഷന്മാർ ഭൂജാതരാകുന്നു എന്ന് ഗീത പറയുന്നു. പാപത്തിന്റെ ഭാരം കുറച്ച് ഭൂമിയുടെ സമനില നിർത്തുവാൻ ആചാര്യന്മാർ ജന്മം കൊള്ളുന്നു.

ഈ സത്യം 5 ലക്ഷം വർഷങ്ങൾക്ക് മുൻപ് ദ്വാപരയുഗത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ അരുളിയതാണ്. ധർമ്മസംസ്ഥാപനാർത്ഥം ഈ ഭൂമുഖത്തേക്ക് വന്നവർക്ക് സംഭവിച്ച കെടുതികൾക്ക് പ്രായശ്ചിത്തമായി മാനവരാശി എന്തുതന്നെ നൽകിയാലും മതിയാവില്ല.

ഒരു ഈശ്വരനെ മാത്രം ആരാധിക്കുവാൻ പറഞ്ഞ പ്രവാചകനായ എബ്രാഹീമിന് അനുഭവിക്കേണ്ടി വന്ന ക്രൂരതകളെ പറ്റി വിവരിക്കുവാൻ വാക്കുകളില്ല. അറേബ്യയിലെ ഖുറൈഷികളെ സദാചാരം പഠിപ്പിക്കുവാനും അവരുടെ ഇടയിലുണ്ടായിരുന്ന ഏത് വിഗ്രഹത്തെയും ആരാധിക്കാനും പ്രവണത ഇല്ലാതാക്കാനും വന്ന മുഹമ്മദ് നബി മക്കയിലുള്ള തന്റെ സ്വന്തം വീട് ഉപേക്ഷിച്ച് സ്വന്തം ബന്ധുക്കളെയും സ്വജനങ്ങളെയും ഭയന്ന് മദീനയിലേക്ക് പാലായനം ചെയ്യേണ്ടി വന്നു. അദ്ദേഹം നമ്മുടെ പ്രവാചകനായി നിലകൊണ്ടതുകൊണ്ടാണ് ഈ കഷ്ടപ്പാട് അനുഭവിക്കേണ്ടി വന്നത്. സോക്രട്ടീസിനേയും നമ്മുടെ ഗാന്ധിജിയെയും ശാസ്ത്രജ്ഞനായ ഗലീലിയെയും ഈ ഭൂമുഖത്തു നിന്ന് തുടച്ചു നീക്കി. അവർ ചെയ്ത തെറ്റ് പുതുദർശനങ്ങൾക്ക് തുടക്കം കുറിച്ചു എന്നു മാത്രം. നൂറ് വർഷങ്ങൾക്ക് മുൻപ് ദയാനന്ദസരസ്വതിയെ ഭാരതീയ ജനത കല്ലെറിഞ്ഞത് ജനങ്ങളെ പവിത്രമായി ജീവിക്കുവാൻ ആഹ്വാനം ചെയ്തതിനാലാണ്. ഗുരുവിനെ ധർമ്മ സംസ്ഥാപനാർത്ഥം പിറന്ന അവതാരമായി കാണുന്നു ലേഖകൻ.

1856 ൽ വയൽവാരം വീട്ടിൽ ഭൂജാതനായ നാണു എന്ന പിഞ്ചോമന നിലവിലുള്ള തത്വസംഹിതകൾക്ക് പാപ്പരത്വം സംഭവിച്ചപ്പോൾ, ധർമ്മക്ഷയം സംഭവിച്ചപ്പോൾ ഈശ്വരന്റെ അവതാരമായി പിറന്ന കുട്ടിയാണ് എന്ന് ലോകത്തിനു മനസ്സിലാക്കാൻ കാലം ഏറെ വേണ്ടി വന്നു.

അജ്ഞതയിൽ നിന്നും ആവിർഭവിച്ച അനാചാരങ്ങളുടെയും ദുരാചാരങ്ങളുടെയും ഇടയിൽ അറിവിന്റെ അരവിന്ദം വിടർത്തി മാനവ ജീവിതത്തെ നിത്യമായ പൊന്നോണത്തിലേക്ക് നയിക്കണമെന്നുപദേശിച്ച നാരായണഗുരു യുഗത്തിന്റെ മുഴുവൻ ഗുരുവാണെന്നറിയണം.

ഒരു വ്യക്തിയുടെ ജീവിതത്തിന് ജീവൻ കൊടുക്കുന്നത് അവന്റെ ചിന്തയാണ്. ചിന്തയിൽ ഈശ്വരനെ അനുഭവിക്കുവാൻ കഴിഞ്ഞാൽ ജീവിതത്തിലെ എല്ലാ ക്ലേശങ്ങളും തീരും. ഗുരുദേവൻ നമ്മെ പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്ന സിദ്ധാന്തം ഇതാണ്. ചിത്തത്തിന്റെ അശുദ്ധിയാണ് പ്രധാനമായ തടസ്സം. ചിത്തത്തെ ശുദ്ധമാക്കാൻ ഈശ്വരനെ ആശ്രയിക്കുകയല്ലാതെ വെറെ മാർഗ്ഗമില്ല.

ഈശ്വരൻ ഉണ്ടോ എന്നോ ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ടോ എന്നതാണ് സമാന്യ മനുഷ്യ മനസ്സിനെ അലട്ടുന്ന ചോദ്യങ്ങൾ. ഉപനിഷത്തുക്കളാണ് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന കൃതികൾ. ഗുരുദേവ കൃതികളാണ് ഈ സംശയങ്ങൾക്ക് ഉത്തരം നൽകുന്നത്. ബോധമാണ് ഈശ്വരൻ. അകവും പുറവും നിറഞ്ഞു നിൽക്കുന്ന ബോധം. പതിനായിരം സൂര്യന്മാർ ഒരുമിച്ചുദിച്ചു പൊങ്ങിയാൽ എന്ന പോലെ ഗുരുദേവൻ ഈ ബോധപൂർണ്ണോദയത്തെ അനുഭവിച്ചിട്ടുണ്ട്.

ത്രിമൂർത്തികളായ ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും ഒന്നു ചേർന്ന ശക്തിയാണ് ഗുരു. ത്രിമൂർത്തികളെ മൂവരെയും പൂജിക്കുന്നതിനു തുല്യമാണ് ഗുരുവിനെ പൂജിക്കുന്നത്.

ഗുരുദേവന്റെ കൃതികൾ ലളിതവും ഗഹനവുമാണ്. മഹാത്മാഗാന്ധി, രവീന്ദ്രനാഥടാഗോർ തുടങ്ങിയ മഹാത്മാക്കളെപ്പോലും ആശ്ചര്യഭരിതരാക്കാൻ കഴിഞ്ഞ മഹത്വമാണ് ഗുരുവിന്റേത്. ഗുരു ദർശനത്തിന് കാലാതീ തമായ മഹത്വമാണുള്ളത്.

മഹത്വം പൂത്തുലഞ്ഞു നിൽക്കുന്ന ഗുരുവിന്റെ ജീവിതത്തെപ്പറ്റി പഠിക്കാൻ ശ്രമിക്കുന്നതുതന്നെ ഒരു പുണ്യ പ്രവൃർത്തിയാണ്. ■



Best Compliments from

**Soman Gopalan, Shaila Soman**
**Vishnu Soman, Deepa Soman**
*New York*

# അതുല്യനായ ഋഷി

*മല്ലപ്പള്ളി ശ്രീധരൻ ഫിലാഡൽഫിയ*



*ഗുരു ഭാരതത്തിലെ മറ്റു ഋഷികളിൽ നിന്ന് അതുല്യനാകുന്നത് എങ്ങനെയെന്ന് ആരായുകയാണ് ലേഖകൻ.*

ഗുരു ഭാരതത്തിലെ മറ്റു ഋഷികളിൽ നിന്ന് അതുല്യനാകുന്നത് എങ്ങനെയെന്ന് ആരായുകയാണ് ലേഖകൻ."ഗുരു" എന്നതിന്റെ പദത്തിനർത്ഥം, അജ്ഞാന തമസിനെ അകറ്റി, ജ്ഞാനപ്രകാശത്തെ പ്രദാനം ചെയ്യുന്നത് എന്നാണ്. ശ്രീനാരായണ ഗുരുദേവന് അതുല്യൻ എന്നും വിശ്വഗുരു എന്നും ഉള്ള നാമവിശേഷണങ്ങൾ ചാർത്തുന്നതെന്തുകൊണ്ട്? കാലം കടന്നുപോകെ, ഗുരുദേവദർശനങ്ങളുടെ അനന്യമായ പ്രസക്തിയ്ക്ക് തെളിമയും, സ്വീകാര്യതയും വർദ്ധിയ്ക്കുന്നതെന്തുകൊണ്ട്? ആഗോള ദാർശനിക മേഖലകളിലെ പണ്ഡിത ശ്രേഷ്ഠർ ഗുരുദേവന്റെ കാഴ്ചപ്പാടുകളെ സർവ്വാത്മനാ അനുകരണീയംഎന്ന് അഭിപ്രായപ്പെടുന്നതെന്തുകൊണ്ട്? ഈ വക ചിന്താഗതികളുടെ നിജസ്ഥിതി പഠനങ്ങളിലൂടെ കണ്ടെത്തേണ്ടത് ഇന്നത്തെ തലമുറയുടെ അനിവാര്യമായ കടമയാണ്. ഗുരുദേവന്റെ ജീവിതവും കർമ്മകാണ്ഡവും, അറിവിലും ശാസ്ത്രവീക്ഷണത്തിലും ചിട്ടപ്പെടുത്തിയ അമൂല്യകൃതികളും പരിശോധിച്ചാൽ ഈ പരാമർശങ്ങളുടെ സത്യാവസ്ഥഗ്രഹിയ്ക്കാവുന്നതാണ്. ഈ കൃതികളെല്ലാം തന്നെ ധർമ്മാധിഷ്ഠിത പ്രത്യയശാസ്ത്രത്തിന്റെ വ്യാപന മേഖലയാണെന്ന് അനായാസം നമുക്ക് മനസ്സിലാകും. ദേശഭാഷാന്തരങ്ങളോ, ജാതിമത വർണ്ണവ്യത്യാസങ്ങളോ ഇല്ലാതെ സമസ്ത മാനികതയുടേയും സമുദ്ധാരണാർത്ഥം ഗുരുദേവൻ പ്രോജ്ജ്വലിപ്പിച്ച ജ്ഞാന ദീപശിഖയുടെ ഉദാത്തമായ പ്രകാശം ഈ ഭൂമിയിൽ പ്രസരിച്ചിരുന്നു എങ്കിൽ, മനുഷ്യസമൂഹം ഇന്ന് നേരിടുന്ന ഭീകരതയുടെയും മതവൈരത്തിന്റെയും വേരറ്റുപോകുമായിരുന്നു. ഇളക്കം തട്ടാത്ത നന്മയിൽ ഉറച്ചു നിൽക്കുന്നിടത്തേക്ക് പ്രേരണ കൂടാതെ സമൂഹം ഒഴുകിയെത്തും. സൂക്ഷ്മം കണ്ടെത്തിയവന് ഒരു മതവും പ്രമാണമാകേണ്ടതില്ല, മറിച്ച് മതം അവനെ പ്രമാണമാക്കണം. അജ്ഞാനത്തിൽ നിന്ന് തെറ്റും, ജ്ഞാനത്തിൽ നിന്ന് ശരിയും പിറക്കുന്നു. സഹജീവികളിൽ സംഭവിക്കുന്ന തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ, സ്നേഹബുദ്ധ്യാ അതിനെ കണ്ട് തിരുത്താൻ വേണ്ട സഹായം ചെയ്യണം. ഈ പ്രവൃത്തിക്ക് ചേരുന്ന നാമമാണ് നന്മ. ഈ ആപ്തവാക്കുകൾ എല്ലാം ഗുരുദേവന്റെ ജീവിത വഴികളിൽ വെളിച്ചം വിതറിയിരുന്നു. എണ്ണമറ്റ മതസ്ഥാപകരും മതാചാര്യന്മാരും ലോകമെമ്പാടുണ്ടായിട്ടുണ്ട്. എന്നാൽ ഒരു മതത്തിലും ഉൾപ്പെടാതെ സകലമതങ്ങളുടെയും ഉള്ളറിഞ്ഞ്, ഒരു മതത്തിനും രൂപം നൽകാതെ മതാതീതമായ ഒരു ആത്മീയത മനുഷ്യരാശിയ്ക്ക് കാഴ്ചവച്ച ജ്ഞാനിയാണ് ശ്രീനാരായണഗുരുദേവൻ. ഈ ഒരു വ്യതിരിക്തത തൃപ്പാദങ്ങളെ ഉന്നതരിൽ ഉന്നതനെന്ന പദവിയ്ക്ക്



Best Compliments from

Ramesan Sreedharan, Yamuna Devi Ramesan, Vyashag & Vyshnavi
Houston



അർഹനാ ക്കുന്നു. അതുല്യതകളിൽ പ്രധാനപ്പെട്ട പലതിൽ ഒന്നുമാത്രമാണത്. ശ്രീനാരായണഗുരുദേവൻ തിരുവവതാരം എടുത്ത കാലഘട്ടത്തിൽ ഭാരതത്തിലെ വിശിഷ്യാ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സമൂഹം ജീവിതസുഖം എന്നത് നിനവിൽപ്പോലും അനുഭവിക്കാതെ, ദിശാബോധം ലേശം പോലുമില്ലാതെ, വട്ടംകറങ്ങിയ അശപ്തനാളുകളായിരുന്നു. അധികാരത്തിന്റെ ഛത്രവും ചാമരവും ന്യൂനപക്ഷം കൈപ്പിടിയിലൊതുക്കി യിരുന്നു. അവർ തന്ത്രപരമായി തട്ടിയെ ടുത്ത് അനുഭവിച്ച് വന്ന ധനശേഷിയും തൻപ്രമാണിത്വ ഗർവും മൂലം അവർ സ്വയം മേൽക്കോയ്മ ആർജ്ജിച്ചു. കൂടാതെ വേദോപനിഷത്തുകൾക്ക് അവർ ചാർത്തപ്പെട്ട ഗൂഢമായ വ്യാഖ്യാനങ്ങൾ വഴി ചമച്ച ജാതി വ്യവസ്ഥയുടെ നീചമായ അധീശത്വവും കരുവാക്കി ഭൂരിപക്ഷത്തെ ക്രൂരമായി അടിച്ചൊതുക്കി. ആഴ്വാഞ്ചേരി തമ്പ്രാക്കളിലും അയ്യൻപുലയനിലും ഒരേ ബ്രഹ്മസ്വരൂപത്തിന്റെ അനുരണന ങ്ങളാണെന്നിരിക്കെ അതിന് മറുഭാഷ്യം സൃഷ്ടിച്ച് ഇവരെ അന്ത്യജന്മാരാക്കി. നരന് നരൻ അശുദ്ധ വസ്തു എന്ന് പ്രഖ്യാപിച്ചു. പ്രതികരണശേഷി ഇല്ലാതെ നിദ്രാണമായി കിടന്ന സമൂഹം ഇതിനെ ഉല്ലംഘിയ്ക്കുവാൻ അശക്തരായി രുന്നു. ഈ സ്ഥിതി വിശേഷത്തിനാണ് ഭഗവത്ഗീതയിൽ "ധർമ്മച്യുതി" എന്ന് വിവക്ഷിക്കപ്പെടുന്നത്. ഇപ്രകാരം വന്നുഭവിച്ച ധർമ്മ ഗ്ലാനിയുടെ പുനസ്ഥാപനാർത്ഥമാണ് ശ്രീനാരായണ ഗുരുദേവൻ അവതരിച്ചതും തന്റെ ആയുസ്സും വപുസ്സും ചിലവഴിച്ചതും. ഇന്നത്തെ തലമുറ അറിഞ്ഞിരിക്കേണ്ട അനുപേക്ഷണീയമായ ചരിത്രസത്യമാ ണിത്. ആസ്തേയത്തോട് മുഖം തിരി ഞ്ഞ് നിൽക്കുന്ന അപഹാസ്യമായ ഒരു മേലാള സമൂഹത്തെയാണ് അന്ന് ഗുരുദേവന് കാണാൻ കഴിഞ്ഞത്. അധമവും ഹീനവുമായ സവർണ്ണ നിർമ്മിത ചട്ടങ്ങൾ വിതച്ചു നിന്ന സാമൂഹ്യ പാടശേഖരങ്ങൾ മേധാശക്തിയിൽ ഊതി തെളിച്ച കലപ്പ ഉപയോഗിച്ച് അവിടുന്ന് ഉഴുതു മറിച്ചു. തുടർന്നവിടെ ഒരു ശബ്ദ രഹിത വിപ്ളവത്തിന്റെ വിത്തെറിഞ്ഞ് നൂറുമേനിവിളയിച്ച് കീഴാളർക്ക് അനുഭവ വേദ്യമാക്കി. ഈ ധീരതയുടെ ഘനഗാംഭീര്യതലം ഗുരുദേവന്റെ അതുല്യതയ്ക്ക് മകുടം ചാർത്തുന്നു. മറ്റാരും അന്ന് ചെയ്യാൻ അറച്ചിരുന്ന അരുവിപ്പുറം പ്രതിഷ്ഠയാണാ നിശബ്ദ വിപ്ലവം എന്ന് പറയേണ്ടതില്ലല്ലോ. വ്യവസ്ഥിതിയെ വളരെ ശാന്തതയോടെ വെല്ലുവിളിച്ചു കൊണ്ട് ആ ശ്രീലകത്തെ ഭിത്തിയിൽ അവിടുന്നെഴുതി വച്ചു.

ജാതിഭേദവും മതദ്വേഷവും ഒന്നുമില്ലാതെ ഇവിടെ ആർക്കും വരാം. ഇവിടെ എല്ലാവരും സഹോദരൻ തന്നെയാണ്. ഇതിന്റെ ഉൾരഹസ്യം ഇവിടെ വരുന്നവ രെല്ലാമാണ് ഇവിടുത്തെ ക്ഷേത്രേശ്വരൻ (ഉടമസ്ഥൻ) എന്നാണ്. ഈ വാക്കുകൾ അന്ന് കേരളീചക്രവാക മതിലുകളെ പ്രകമ്പനം കൊള്ളിച്ചു. ആ വാക്കുകളുടെ മാനവിക അർത്ഥ പ്രതിധ്വനികളിൽ വിഭാ ഗീയതയുടെ പല അബദ്ധാചാരങ്ങളും അടർന്ന് നിലംപരിശായി ഇതോടെ സമൂഹത്തിൽ മാറ്റത്തിന്റെ കുളമ്പടി ശബ്ദം കേട്ടുതുടങ്ങി. ആ ശ്വാസം ഇന്നും വിജയകരമായ യാത്ര തുടങ്ങുകയാണ്.

അവിടുന്ന് സശരീരനായിരുന്നപ്പോൾ നിഴൽപോലെ കൂടെ നടന്ന സുധികളായ ശിഷ്യഗണങ്ങളിൽ പലരും ഗുരുദേവൻ ആരായിരുന്നു എന്ന് അനേക കൃതികൾ വഴി അനാവരണം ചെയ്തിട്ടുണ്ട്. പ്രഥമശിഷ്യനായ ശിവലിംഗദാസ സ്വാമികൾ "ഗുരുഷട്കം"എന്ന കൃതിയുടെ ഒന്നാംശ്ലോകത്തിൽ പറയുന്നു "ഓം ബ്രഹ്മണേമൂർത്തിമതേ,
ശ്രിതാനാം ശുദ്ധി ഹേതവേ,
നാരായണീ യതീന്ദ്രായഃ
തസ്മൈ ശ്രീ ഗുരുവേ നമ" എന്ന്.
ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും ആത്യന്തിക സത്യമാണ് ബ്രഹ്മം എന്ന് ഉപനിഷത്തുകൾ പറയുന്നു. പരവും നാശരഹിതവുമായ പ്രകാശമാണ് ബ്രഹ്മം അഥവാ ഈശ്വരൻ.
